# പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 4

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലായ് 2015




## തദ്ദേശ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തണം

## ഡിജിറ്റൽ ഇന്ത്യ വാരം:

### തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഇ-ഗവേർണൻസ് സംരംഭങ്ങൾ

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പഞ്ചായത്ത് രാജ്
ജൂലായ് 2015

# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 തദ്ദേശ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തണം
ഡോ. എം.കെ. മുനീർ



8 ഹരിത സമ്പത്ത് വ്യവസ്ഥയ്ക്ക് ഒരാമുഖം
ഡോ. വി. സുഭാഷ് ചന്ദ്രബോസ്



11 ദാരിദ്ര്യ നിർമ്മാർജ്ജനം
കേരളം ലോകത്തിന് മാതൃക
ടി.ഷാഹുൽ ഹമീദ്

15 ഗാന്ധി പിറന്നത് ദക്ഷിണാഫ്രിക്കയിൽ!
പ്രദീപ് രാമൻ

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 രോഗ പ്രതിരോധത്തിനും
ആരോഗ്യപോഷണത്തിനും യോഗ
ഡോ. എച്ച്.ആർ. കേശവ മൂർത്തി



26 മാലിന്യ സംസ്കരണത്തിലെ
സാമൂഹികനിർമ്മിതികൾ
ബുഷ്റബീഗം ആർ.കെ.



29 ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ DBT

31 മാലിന്യ സംസ്കരണം നിയമ ഭേദഗതി
നടപ്പിൽ വരുത്താൻ തദ്ദേശ സ്ഥാപനങ്ങൾ
നടപടി സ്വീകരിക്കണം
കെ. എൻ. സഹജൻ

33 നിർഭയയുടെ ഉണർത്തുപാട്ടുമായി
കൗമാരപ്രായക്കാരായ പെൺകുട്ടികൾ

35 റാബീസ് (പേവിഷബാധ)
ഡോ. ജോസ്മോൻ ജോർജ്



40 ഡിജിറ്റൽ ഇന്ത്യ വാരം: തദ്ദേശ സ്വയം ഭരണ
വകുപ്പിന്റെ ഇഗവേർണൻസ് സംരംഭങ്ങൾ



# ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം നിലവിൽ വന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ ഉദ്ഘാടനം ജൂലൈ 6-ാം തീയതി മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ ഏതെങ്കിലും നടപടിക്രമങ്ങൾ ലളിതമാക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം കൂടി കാര്യക്ഷമമായി പരിഹരിച്ചുവേണം മുന്നോട്ടു പോകേണ്ടതെന്നും സേവനങ്ങൾ കുറ്റമറ്റ രീതിയിൽ വേഗത്തിൽ ജനങ്ങളിൽ എത്തിക്കുന്നതിൽ സർക്കാർ വിജയം കാണുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സേവനങ്ങളുടെ നിശ്ശബ്ദ വിപ്ലവമാണ് നടക്കുന്നതെന്നും പദ്ധതി ഇനി മുതൽ കേരളം മുഴുവൻ വ്യാപിപ്പിക്കുമെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. ജനന മരണ സർട്ടിഫിക്കറ്റുകൾ ഉടനെയും വിവാഹ രജിസ്ട്രേഷൻ ഒരു ദിവസത്തിനകവും നൽകാൻ കഴിയുമെന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങളുടെ ഡേറ്റാ പാസ്പോർട്ട് ഓഫീസിൽ ലിങ്ക് ചെയ്യുന്നതിനാൽ വെരിഫിക്കേഷന് ഇത് ഉപയോഗിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

വിവിധ പദ്ധതികളുടെ ഉത്ഘാടനം മുഖ്യമന്ത്രിയും പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രിയും കെ. മുരളീധരൻ എം.എൽ.എയും നിർവ്വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ് പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്ജ്) എസ്. ലത തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ





കർഷകതൊഴിലാളി പെൻഷൻ എന്നിവ ഇനിമുതൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മുഖേന ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിൽ ലഭ്യമാകും.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലായ് 2015 | പുസ്തകം 55 | ലക്കം 4 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**ഐസൻ ജോസ്**
പബ്ലിസിറ്റി ഓഫീസർ **(ഇൻചാർജ്ജ്)**
പഞ്ചായത്ത് വകുപ്പ്

കൺവീനർ

**എസ്. ലത**
പഞ്ചായത്ത് ഡയറക്ടർ **(ഇൻചാർജ്ജ്)**

എഡിറ്റർ **(ഇൻചാർജ്ജ്)**
**എസ്. ലത**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ **(ഇൻചാർജ്ജ്)**
**ഐസൻ ജോസ്**
email: prmdp2015@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

## എഡിറ്റോറിയൽ

മുൻവർഷങ്ങളെ അപേക്ഷിച്ച് ദുർബലമെങ്കിലും ഒരു മഴക്കാലം കടന്നു പോകുകയാണ്. കാലവർഷത്തോട് അനുബന്ധിച്ച രോഗങ്ങൾ മുൻകാലങ്ങളെക്കാൾ കുറവുണ്ടെങ്കിലും പൂർണ്ണമായും നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിന് പ്രധാന കാരണം പരിസര ശുചിത്വ പരിപാലനത്തിന്റെ അഭാവം തന്നെയാണ്. അസ്ഥാനത്തുള്ള സമ്പത്തായ മാലിന്യത്തെ കൈകാര്യം ചെയ്യുവാൻ കഴിയുന്നതിലൂടെ വലിയൊരു അളവിൽ പരിസരനാശം ഒഴിവാക്കാനും കൂടുതൽ ആരോഗ്യം ഉണ്ടാക്കുവാനും കഴിയും.

ശുചിത്വ പരിപാലനം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടേയും അനിവാര്യ ചുമതലയിൽ ഉള്ള വിഷയമാണ് കേരളത്തിൽ മൺസൂൺ കാലയളവിൽ കാണപ്പെടുന്ന പ്രധാന രോഗങ്ങളാണ് വൈറൽ പനി, ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ, മഞ്ഞപ്പിത്തം, കോളറ, ചെള്ളുപനി മുതലായവ ഈ പകർച്ചവ്യാധികളിൽ അധികവും കൊതുക്, ഈച്ച, എലി തുടങ്ങിയ രോഗാണുവാഹകരിലൂടെയും മലിനമായ ജലം, മലിനമായ ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയിലൂടെയുമാണ് സംക്രമിക്കുന്നത്. ഇവ കൂടാതെ കേരളിത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾ പല രോഗങ്ങളുടേയും വാഹകരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മഴക്കാല പർവ്വശുചീകരണ പ്രവർത്തനങ്ങൾ എത്രമാത്രം നമ്മൾ ചെയ്തിട്ടുണ്ടെന്ന് ആത്മാർത്ഥമായി പരിശോധിക്കേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പരിസര ശുചീകരണ പ്രവർത്തനങ്ങൾ ഗൗരവമായി കണക്കിലെടുത്ത് പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സർക്കാർ -സർക്കാതിര സംവിധാനങ്ങൾ പരിസര ശുചിത്വ രോഗനിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നേറുമ്പോഴും ഇക്കാര്യത്തിൽ ജനങ്ങളുടെ ക്രിയാത്മകമായ സഹകരണം ഉണ്ടാകുന്നില്ലായെന്നകാര്യം വിസ്മരിക്കുന്നില്ല. മലയാളികൾ വ്യക്തി ശുചിത്വത്തിന് വളരെ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും പരിസരശുചിത്വ സമീപനത്തിൽ വിഭിന്ന രീതിയാണ്. അതിന് ഉദാഹരണമാണ് മാലിന്യം പ്ലാസ്റ്റിക് കവറുകളിലാക്കി പൊതു നിരത്തുകൾക്ക് സമീപം വലിച്ചെറിയുന്ന പ്രവണത പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും ചവറോ മാലിന്യമോ ഉപേക്ഷിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിലും നിയമം കർക്കശമായി നടപ്പാക്കുന്നതിൽ വിമുഖത കാര്യങ്ങൾ പുരോഗമിക്കുന്നതിന് തടസ്സമാകുന്നു.

കാലാവസ്ഥ മാറ്റത്തിലൂടെ ഉണ്ടാകുന്ന കഠിനമായ ചൂട്, കാലഭേദങ്ങളില്ലാതെ പെയ്യുന്ന മഴ, മാറുന്ന പരിസ്ഥിതിയെ അതിജീവിക്കാൻ കഴിവുള്ള രോഗാണുക്കൾ, പുതിയ രോഗങ്ങൾ എന്നിവയെല്ലാം ആരോഗ്യ രംഗത്തെ പ്രതിസന്ധികളാണ്. ദീർഘ വീക്ഷണത്തോടെയും, ശാസ്ത്രീയവുമായ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ എല്ലാ മേഖലയിലുള്ളവരുടെയും പങ്കാളിത്തത്തോടുകൂടി തുടർ പ്രക്രിയയായി നടത്തിയാൽ മാത്രമേ ഈ വെല്ലുവിളികളെ ചെറുക്കുവാൻ സാധിക്കുകയുള്ളു.

**എസ് ലത**
പഞ്ചായത്ത് ഡയറക്ടർ **(ഇൻചാർജ്ജ്)**



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

# തദ്ദേശ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തണം

ജനാധിപത്യ വികേന്ദ്രീകരണവും അനുബന്ധ പ്രക്രിയകളും കേരളത്തിൽ സുസ്ഥിരമായി എന്ന കാര്യത്തിൽ ഏവരും യോജിക്കും. എങ്കിലും ഈ രംഗങ്ങളിൽ കേരളത്തിന് ഇനിയും മുന്നേറാൻ കഴിയണം. ഇനി ഏതൊക്കെ ദിശകളിൽ എന്തൊക്കെ ചെയ്യാം എന്ന അഭിപ്രായ-നിർദ്ദേശങ്ങൾ സ്വരൂപിക്കലിന് ജനാധിപത്യശാക്തീകരണം ലക്ഷ്യമാക്കി നടത്തിയ രണ്ട് രാജ്യാന്തര സമ്മേളനങ്ങൾ (ഐക്കോഡ് I, II) വേദിയായി. അവകാശാധിഷ്ഠിത വികസനമാണ് ഇനി വേണ്ടത് എന്ന നിർദ്ദേശം സാർവത്രികമായി അംഗീകരിക്കപ്പെട്ടു എന്നത് എടുത്ത് പറയേണ്ട സവിശേഷതയാണ്.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം ഭരണപരവും സാമ്പത്തികവും നിർവഹണപരവുമായ വിഷയങ്ങളിൽ ദൃഢമായ ചുവടുവയ്പുകൾ കേരളം നടത്തുകയുണ്ടായി. 1994 -ൽ പാസ്സാക്കിയ കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റീസ് നിയമങ്ങളും ചുമതലകൾ, ഉദ്യോഗസ്ഥർ, ഫണ്ട് എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറലും ജനാധിപത്യ ചട്ടക്കൂട്ടിനുള്ളിൽ നിന്നുള്ള ചരിത്രപരമായ പരിവർത്തനമായിരുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ കഴിഞ്ഞ ഇരുപത് വർഷങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൗരോന്മുഖ ചുമതലയ്ക്കൊപ്പം ഭരണ-വികസന പരമായ ഉത്തരവാദിത്തങ്ങളുടെ നിർവ്വഹണത്തിനും സാക്ഷ്യം വഹിക്കുന്നു. സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടുള്ള തദ്ദേശീയമായ സാമ്പത്തിക വികസനവും ഇന്ന് വിശാല അർത്ഥത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ പര്യാപ്തമാംവിധം നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ശാക്തീകരിക്കപ്പെട്ടിട്ടുണ്ടോ എന്നതിന് വിശദമായ അപഗ്രഥനം വേണം.

ധനകാര്യ വികേന്ദ്രീകരണത്തിൽ കേരളം പിന്തുടരുന്നത് അംഗീകൃത തത്വങ്ങളാണ്. ഇത് ഏറ്റവും നല്ല മാതൃകയായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. സ്വന്തം വരുമാന മാർഗ്ഗങ്ങൾ (Own Source Revenue) കണ്ടെത്തുന്നതിന് നിയമപ്രാബല്യമുള്ള ഒരു ചട്ടക്കൂട് നമുക്കുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി എന്നിവ കൂടാതെ രജിസ്ട്രേഷൻഫീ, സേവന നികുതി, ലൈസൻസ് ഫീ, ഗേറ്റ് ഫീ എന്നിങ്ങനെ നികുതിയേതര വരുമാനമാർഗ്ഗങ്ങൾ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഇതിന് പുറമേയാണ് സർക്കാരിന്റെ പദ്ധതി വിഹിതവും ലോകബാങ്ക് പദ്ധതി പ്രകാരമുള്ള സഹായവും.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളുടെ ഗുണനിലവാരം തദ്ദേശീയമായ ധനസമാഹരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അവയ്ക്ക് ഒരു സുസ്ഥിര പ്രാദേശിക സമ്പദ്വ്യസ്ഥയുണ്ടോ? അവ സാമൂഹ്യനീതി നടപ്പാക്കുന്നതിന് എത്രത്തോളം പര്യാപ്തമാണ്? തുല്യത, ക്ഷേമപുരോഗതി, അതിജീവനം എന്നീ രംഗങ്ങളിൽ പ്രാദേശിക



സമ്പദ്‌വ്യസ്ഥയുടെ സംഭാവന എത്രത്തോളം, ഇവയിൽ ജനപങ്കാളിത്തം എത്രത്തോളം എന്നിവയും പഠന വിധേയമാകണം. പ്രാദേശിക വിഭവസമാഹരണത്തിനും അവയുടെ ഉപഭോഗം ക്രമപ്പെടുത്തുന്നതിനും നിരന്തര മാർഗ്ഗങ്ങൾ കണ്ടെത്തുന്ന സാങ്കേതികവിദ്യാ വികസനം കൂടി നിറവേറ്റാൻ പ്രാദേശിക സമ്പദ്ഘടനയ്ക്ക് സാധ്യമാവണം. പ്രാദേശിക സമ്പദ്ഘടനയ്ക്ക് കരുത്ത് പകരുന്നതാണ് ഗവൺമെന്റാഭിമുഖ്യ സേവനങ്ങൾ. ഉദാ: ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലില്ലായ്മാ പരിഹാരം, അടിസ്ഥാനാവശ്യങ്ങളുടെ ലഭ്യത. തുല്യത എന്നത് ഇന്നും സ്വപ്നമായ ഇന്ത്യൻ സാഹചര്യത്തിൽ ഇത് പ്രത്യേകം പ്രസക്തമാണ്. നമ്മുടെ മൊത്തം വിഭവത്തിന്റെ 33.5% പത്ത് ശതമാനമുള്ള സമ്പന്നരുടെ ഉപഭോഗത്തിനുള്ളതാണ്. പരമദരിദ്രരായ 10% ആളുകളുടെ ആവശ്യങ്ങൾക്കായി ലഭിക്കുന്നത് ആകെ വിഭവത്തിന്റെ 3.5% മാത്രമാണ്. ഇത് വൈരുദ്ധ്യമാണ്.



സമൃദ്ധിയുടെ ഇന്ത്യയിൽ, വികസ്വര ഇന്ത്യയിൽ, ആധുനിക ഇന്ത്യയിൽ, ദരിദ്രരായ നാമമാത്ര കർഷകരും ഭൂരഹിതരും എന്നത് ഈ വൈരുദ്ധ്യത്തിന് ആക്കം കൂട്ടുന്നു. കേരളം കൃത്യമായും ഈ ദിശയിൽ അല്ലെങ്കിലും സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മതിയായ സാമ്പത്തിക- ഭരണപര-നിർവഹണ സ്വാതന്ത്ര്യം നൽകി ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിച്ചു കൊണ്ട് അവയെ ശക്തിപ്പെടുത്തുന്നതിലൂടെ തഴേത്തട്ടിൽ അവകാശാധിഷ്ഠിത ജനാധിപത്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഇന്ത്യയിലെ പ്രഥമ സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് കൈവരിക്കാൻ കഴിയും.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്നും പദ്ധതിത്തുക കൃത്യമായും ലഭിക്കുന്ന പ്രക്രിയ സ്വന്തം ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താനും സമ്പദ് സ്ഥിതി മെച്ചപ്പെടുത്താനും പലപ്പോഴും പ്രോത്സാഹനമാകുന്നില്ല എന്ന് പലർക്കും അഭിപ്രായമുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ആവർത്തനചക്രം പോലെ സമഗ്ര വികസന സാധ്യതയുള്ള പ്രാദേശിക വിപണികളുടെ വികസനത്തിലെ അലസത ഉദാഹരണം. ഗവൺമെന്റ് ഏർപ്പെടുത്തുന്ന ചില നിയന്ത്രണങ്ങളും സ്വന്തം ഫണ്ട് വർദ്ധിപ്പിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു എന്ന് ചിലപ്പോൾ പഞ്ചായത്തുകൾ പരാതിപ്പെട്ടേക്കാം. ഇനിയും കൂടുതൽ അധികാരങ്ങൾ അവയ്ക്ക് നൽകിയാൽ ഇത് പരിഹരിക്കാൻ കഴിയുമോ? സാമ്പത്തിക സ്ഥിതി മോശമായ പഞ്ചായത്തിനെ സമീപത്തെ മികച്ച പഞ്ചായത്തിന് സഹായിക്കാൻ കഴിയുമോ? പഞ്ചായത്തിന്റെ അതിരുകൾ കടന്ന് വിജയകരമായ സംരംഭങ്ങൾ നടപ്പാക്കാൻ കഴിയണം. സംഘകൃഷി, വിനോദസഞ്ചാരം ഫിഷറീസ്, വ്യവസായം എന്നിവ വിവിധ പഞ്ചായത്തുകൾ ഏകോപിച്ച് നടത്തുന്നതിലൂടെ പ്രാദേശിക സമ്പദ് വ്യവസ്ഥ ശക്തമാക്കാൻ കഴിയും. സാമ്പത്തിക പ്രയാസം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ അധിക ഫണ്ടുള്ളവ തയ്യാറാക്കുന്ന സമ്പ്രദായം ഡെൻമാർക്ക് പോലുള്ള രാജ്യങ്ങളിൽ നിലവിലുണ്ട്. കേന്ദ്രീകൃത വായ്പ അനുവദിക്കൽ (pooled borrowing) എന്ന ഒരു സമ്പ്രദായം ഇംഗ്ലണ്ടിലും ഉണ്ട്. പ്രാദേശിക സമ്പദ്ഘടനയും സേവനപ്രദാനവും ശക്തിപ്പെടുത്തുന്നതിലൂടെ പഞ്ചായത്തുകൾ സ്വയം ശാക്തീകരിക്കപ്പെടുന്നതിന് അവയ്ക്ക് ചാർത്തി നൽകിയിട്ടുള്ള അതിർത്തികൾ തടസ്സമാകേണ്ടതില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെർപോർമൻസ് ഓഡിറ്റ് ഫലപ്രദമാവണം. സാമ്പത്തിക സ്ഥിതിയും സേവനവും മെച്ചപ്പെടുത്താൻ ഇത്തരം ശരിയായ ഓഡിറ്റ് സഹായകമാകും. ഉപയോഗിക്കാത്ത വൈദ്യുതിക്കും വെള്ളത്തിനും വൈദ്യുതി ബോർഡിനും വാട്ടർ അതോറിറ്റിക്കും വൻതുകകൾ അടയ്ക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടേക്കാം. ഒരു സോഷ്യൽ ഓഡിറ്റിലൂടെ ഇവയ്ക്ക് പരിഹാരം കണ്ടെത്താൻ കഴിയും. പ്രാദേശിക സാമ്പത്തിക സ്ഥിതി മെച്ചമാക്കാനും ഇത്തരം ദുർവ്യയം ഒഴിവാക്കുന്നത് പ്രയോജനകരമാകും.

ഈ സംഗതികൾ എല്ലാം സ്വാശ്രയ ഗ്രാമപഞ്ചായത്തുകൾ അഥവാ ഗ്രാമസ്വരാജ് എന്ന മഹത്തായ ഗാന്ധിയൻ സ്വപ്നത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. നല്ല സാമ്പത്തിക സ്ഥിതിയുള്ള പഞ്ചായത്തുകൾ ക്രമേണ സ്വാശ്രയത്വം നേടുമെന്നത് ലളിതമായ യാഥാർത്ഥ്യമാണ്. അവയിൽ നിന്ന് മികച്ച സേവനവും പൗരന്മാർക്ക് ലഭ്യമാവും. സാമ്പത്തിക ഭദ്രതയും സേവനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് ഭരണ സമിതികൾ ആസൂത്രണ, ഭരണ, സാങ്കേതിക, മേൽനോട്ട മികവുകൾ പ്രയോജനപ്പെടുത്തുകയും ആവശ്യമെന്നു കണ്ടാൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തും തദ്ദേശസ്ഥാപനങ്ങളുടെ സമ്പദ് ഘടന മെച്ചപ്പെടുത്താൻ തയ്യാറാകണം. ഇതിനായി ഒരു ലോക്കൽ ഫിനാൻസ്, പ്ലാനിംഗ് ആൻഡ് ഫണ്ടിംഗ് ഏജൻസി ആരംഭിക്കാമോ എന്നതും പര്യാലോചനയ്ക്ക് വിഷയമാക്കാവുന്ന നിർദ്ദേശമാണ്. ◆

# ഹരിത സമ്പത്ത് വ്യവസ്ഥയ്ക്ക് ഒരാമുഖം

ഡോ. വി. സുഭാഷ് ചന്ദ്രബോസ്

പ്രപഞ്ചത്തിലെ ജീവന്റെ സ്പന്ദനമുള്ള പ്രധാന ഗ്രഹമായ ഭൂമിയിൽ ജീവന്റെ തുടിപ്പുകൾ ഇനി എത്ര നാൾ എന്നതാണ് മാനവരാശി ചർച്ച ചെയ്യപ്പെടുന്ന പ്രധാന വിഷയം. എഴൂറുകോടി ആളുകളും അനന്തമായ ആവശ്യങ്ങളും അതിരുകളില്ലാത്ത ലോകവും നിരവധി വെല്ലുവിളികൾ നേരിടുന്ന ജീവന്റെ നിലനിൽപ്പിന് ആധാരമായ വായുവും വെള്ളവും മണ്ണും പരിസരവുമുൾപ്പെടെ വലുതും ചെറുതുമായ നാശത്തിന്റെ ഭീകരതയിലേയ്ക്കാണ് നീങ്ങുന്നത്. 1992 – ലെ ബ്രസീലിലെ റിയോഡി ജനറോയിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതിയും വികസനവും എന്ന സമ്മേളനത്തിന്റെ പ്രഖ്യാപനത്തിലൂൾപ്പെട്ട അജണ്ട 21 – ന്റെ ഭാഗമായി സുസ്ഥിരമായ വികസനം വേണമെന്ന കാഴ്ചപ്പാട് ഏറെ അംഗീകരിക്കപ്പെട്ടു. പരിസ്ഥിതി ഘടകങ്ങളെ കൂടി പരിഗണിച്ചുകൊണ്ടുള്ള വികസനത്തിലൂടെ വളർച്ചയ്ക്കും പുരോഗതിയ്ക്കും സ്ഥായിസ്വഭാവവും തുടർ വളർച്ച സാധ്യതയും നിലനിർത്തുക എന്നതാണ് സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ചത്. പക്ഷേ 1989 – ൽ തന്നെ ബ്രിട്ടണിലെ ഒരു സംഘം പരിസ്ഥിതി സാമ്പത്തിക വിദഗ്ധർ Blue Print of a green economy എന്ന ആശയം മുന്നോട്ടു വച്ചു. ലോകം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ഹരിത സമ്പത്ത് വ്യവസ്ഥ. പ്രകൃതി വിഭവങ്ങൾ നിക്ഷേപിക്കുക. (Invest in Natural Resources) എന്ന സമീപനമാണ്. ഹരിത സമ്പദ്വ്യവസ്ഥ



യുടെ അടിസ്ഥാനം ഹരിത നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുക. ഹരിത മേഖലകളിൽ കൂടുതൽ തൊഴിൽ സാധ്യത ഉറപ്പാക്കുക. പ്രാദേശിക തലം മുതൽ അന്തർദേശീയ തലം വരെയുള്ള വിവിധ മേഖലകളെ പാരിസ്ഥിതികഗുണങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ വിപുലമായ ലക്ഷ്യങ്ങളാണ് ഹരിത സമ്പദ്‌വ്യവസ്ഥയിലൂടെ ലക്ഷ്യമിടുന്നത്. ഉൽപ്പാദനത്തിലും ഉപഭോക്തൃത്തിലും ബദൽ ആശയങ്ങളും മാതൃകകളും രൂപപ്പെടുത്തി ഊർജ്ജ മേഖലയെ നിയന്ത്രിക്കുക, മാലിന്യങ്ങളും മലിനീകരണവും കൈകാര്യം ചെയ്യുക എന്നതും പ്രധാന ലക്ഷ്യങ്ങളാണ്. ഉല്പാദനം, വിതരണം, ഉപഭോഗം തുടങ്ങിയ വിവിധ മേഖലകളിൽ ദീർഘകാലായളവിൽ ജനങ്ങൾക്ക് സേവനവും ഗുണനിലവാരവും ഉറപ്പാക്കുന്നതോടൊപ്പം തന്നെ ഭാവിതലമുറയുടെ ആവശ്യങ്ങൾക്ക് ഉള്ളവ കരുതുകയും പരമാവധി പാരിസ്ഥിതിക ദുരന്തങ്ങൾ ലഘൂകരിക്കുകയും ചെയ്യുക എന്നുള്ളതാണ് പ്രധാന കാഴ്ചപ്പാടായി സ്വീകരിച്ചിട്ടുള്ളത്. കാർബണിന്റെ അളവ് കുറയ്ക്കുന്ന പ്രവർത്തനങ്ങൾ, ഹരിത വളർച്ചയ്ക്കുള്ള അവസരങ്ങൾ, ഹരിത തൊഴിലുകൾ തുടങ്ങിയ ആവശ്യമുണ്ട്.

അമ്പത്തിഒന്ന് ദശലക്ഷത്തോളം വരുന്ന തൊഴിൽരഹിതരുടെ തൊഴിലില്ലായ്മ ലോകത്താകമാനമുള്ള 100 ദശലക്ഷം ജനങ്ങളുടെ പട്ടിണി, ജല ദാരിദ്ര്യം, സാനിട്ടറി സൗകര്യങ്ങളുടെ അഭാവം എന്നിവ വലിയ വെല്ലുവിളികളാണ് ഉയർത്തുന്നത്. 2030 – ഓടുകൂടി ആഗോള ഊർജ്ജ ഉപഭോഗം 45 % കരുതൽ പാനൽ പ്രവാഹം ആഗോള ശരാശരി താപനില $6^0C$ ഉൾപ്പെടെ വർദ്ധിക്കുവാൻ സസ്യജന്തുജാലങ്ങൾക്കും മാനവരാശിക്കുമുൾപ്പെടെ നിലനിൽക്കുന്നതിന് പുതിയ സാങ്കേതികമാർഗ്ഗങ്ങളും ആരാഞ്ഞേ കഴിയൂ. ഓരോ വർഷവും 70 ബില്യൻ അമേരിക്കൻ ഡോളറിന് തുല്യമായ ജൈവവൈവിധ്യമാണ് നഷ്ടപ്പെടുന്നത് എന്നതാണ് ഐക്യരാഷ്ട്ര പരിസ്ഥിതി പദ്ധതി കണക്കാക്കിയിട്ടുള്ളത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്കുകൾ പ്രകാരം തന്നെ ഒരു ബില്യനിൽ താഴെ ആളുകൾ ദാരിദ്ര്യരേഖയുടെ പട്ടികയിൽ വരുന്നുണ്ട്. ഭൂമിയ്ക്ക് താങ്ങാവുന്നതിന്റെ അഞ്ച് ഇരട്ടി കാർബൺ വാതകങ്ങളാണ് വിവിധതലങ്ങളിലൂടെ അന്തരീക്ഷത്തിലേയ്ക്ക് മാനവരാശി കടത്തി വിടുന്നത്.



പ്രകൃതിയുടെ അക്ഷയ കലവറയായ സൗരോർജ്ജം, സുകൃതമായ മഴ, വരദാനമായ മണ്ണ്, സസ്യസമ്പത്ത് എന്നിവ ശാസ്ത്രീയമായി സംരക്ഷിച്ച് കൊണ്ടു മാത്രമേ ഹരിത സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്തുവാൻ കഴിയുള്ളൂ.

അസ്ഥാനത്തുള്ള സമ്പത്തായ മാലിന്യത്തെ കൈകാര്യം ചെയ്യുവാൻ കഴിയുന്നതിലൂടെ വലിയ ഒരു അളവിൽ പരിസര നാശം ഒഴിവാക്കുകയും കൂടുതൽ ആരോഗ്യം ഉണ്ടാകുകയും ചെയ്യുന്നു.

ഭൂമധ്യരേഖയ്ക്ക് സമീപത്തുള്ള കേരളത്തിൽ സൗരോർജ്ജ പദ്ധതികൾക്ക് വലിയ സാധ്യതയാണ് ഉള്ളത്. മാത്രമല്ല ജലവൈദ്യുത പദ്ധതിയ്ക്കായി വനസമ്പത്ത് ഉൾപ്പെടെ നഷ്ടപ്പെടുന്നതിനാൽ എതിർപ്പ് കൂടിവരികയുമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ മഴലഭിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന കേരളത്തിൽ മഴവെള്ള സംഭരണത്തിന്റെയും ഭൂജലപരിപോഷണത്തിന്റെയും സാധ്യതകൾ ഏറെയാണ്. ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് മൂന്ന് ലക്ഷം ലിറ്ററും ഒരേക്കർ ഭൂമിയിൽ ഒരു കോടി ഇരുപത് ലക്ഷം ലിറ്ററും മഴയാണ് പെയ്ത് ഒഴിയുന്നത്.

മാലിന്യം കൈകാര്യം ചെയ്ത് ഊർജ്ജവും വളവുമാക്കി മാറ്റുവാനുള്ള നിരവധി സാങ്കേതിക രീതികളും മാതൃകകളും മുന്നിലുള്ളപ്പോഴും വളരെയേറെ പ്രയോജനപ്പെടുത്തുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. മണ്ണും വെളളവും സൂര്യപ്രകാശവും പരമാവധി പ്രയോജനപ്പെടുത്തുന്നതിലേയ്ക്കാണ് നാം ഇനിയും കൂടുതലായി ശ്രദ്ധിക്കേണ്ടത്. കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കീടനാശിനികളും രാസവളങ്ങളും മണ്ണിനെ മലിനമാക്കുന്നതോടൊപ്പം ദീർഘകാലത്തിൽ മരുവത്ക്കരണത്തെ സഹായിക്കുകയും ചെയ്യുന്നു. വികസനത്തിന്റെ ഭാഗമായി വ്യാപകമായി നശിക്കപ്പെടുന്ന വനങ്ങൾ വയലുകൾ, മലകൾ, തണ്ണീർത്തടങ്ങൾ മറ്റ് ആവാസ വ്യവസ്ഥകൾ ഇവയൊന്നും തന്നെ നമുക്ക് പുന:സൃഷ്ടിക്കുവാൻ കഴിയുന്നതല്ല.

വിവരവിജ്ഞാന വിസ്ഫോടനത്തിന്റെ അനന്ത സാധ്യതകൾ തേടുന്ന മാനവരാശി കൈവിരൽത്തുമ്പ് കമ്പ്യൂട്ടറിലെ കീ ബോർഡിൽ ഒന്ന് അമർത്തിയാൽ ലോകത്തിലെ ഏതു വിഷയവും മുന്നിൽ എത്തുമെന്നും അഭിമാനിക്കുന്നുണ്ട്. പക്ഷേ മാനവരാശിയുൾപ്പെടെയുള്ള ജൈവസമൂഹത്തിന് നിലനിൽക്കുവാൻ ശുദ്ധവായുവും ശുദ്ധജലവും ശുദ്ധമണ്ണും വിഷരഹിത പച്ചക്കറികളും വേണമെന്ന് മാത്രമല്ല അവ ഒന്നും കൃത്രിമമായി സൃഷ്ടിക്കുവാൻ ആകില്ല. ഒരു ഇഞ്ച് കനത്തിൽ സ്വാഭാവികമായ മണ്ണ് ഉണ്ടാകുവാൻ ആയിരം വർഷം വേണം. ലാബിൽ ഇരിക്കുന്ന ഹൈഡ്രജനും ഓക്സിജനും ചേർത്ത് വെള്ളം ഉണ്ടാക്കി നാടിന്റെയും നാട്ടുകാരുടെയും ദാഹനീർ ശാശ്വതമായി ശമിപ്പിക്കുവാനാവില്ല. പ്രകൃതിയുടെ തനതായ താളക്രമത്തിൽ നിരവധി വസ്തുക്കളുടെ പരസ്പര ബന്ധിതമായ പ്രവർത്തന, പ്രതിപ്രവർത്തനങ്ങളിലൂടെ മാത്രമേ കഴിയുകയുള്ളൂ.

ലോകമാകെ മാറുകയാണ്. പ്രകൃതി വിഭവങ്ങളെ കൂടുതൽ ചൂഷണ രഹിതമായി ശാസ്ത്രീയ രീതിയിൽ കൂടുതൽ പ്രയോജനപ്പെടുത്തുകയും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളേയും ജലസ്രോതസ്സുകളേയും ശരിയായി കൈകാര്യം ചെയ്യുവാൻ നാം ഇനിയും അമാന്തിച്ചു കൂടാ. ഹരിത സമ്പത്ത് വ്യവസ്ഥയുടെ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിൽ പ്രാദേശിക ജനസമൂഹത്തിനും അവർക്ക് നേതൃത്വം നൽകുന്ന പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾക്കും വലിയ പങ്കാണ് നിർവ്വഹിക്കാനുള്ളത്. പ്രകൃതി വിഭവങ്ങൾ ഒന്നൊന്നായി നശിക്കുകയും ഭീഷണി നേരിടുകയും ചെയ്യുന്ന രീതിയിൽ നിന്ന് മാറി പുതിയ ഒരു വികസന പന്ഥിപ്പിന്റെ പ്രകാശം തെളിയിക്കേണ്ടതുണ്ട്. പാരിസ്ഥിതി വേണം വികസനവും. പക്ഷേ വിവിധങ്ങളായ ആവാസ വ്യവസ്ഥകളും പാരിസ്ഥിതിക ഘടകങ്ങളും സംരക്ഷിക്കുന്നിടത്തോളം കാലമേ മാനവരാശിയുൾപ്പെടെയുള്ള ജീവസമൂഹത്തിന് നിലനിൽപ്പുള്ളൂ എന്ന് തിരിച്ചറിയുന്നിടത്താണ് ഹരിത സമ്പദ് വ്യവസ്ഥയുടെ പാദങ്ങൾക്ക് അർത്ഥം ഉണ്ടാകുന്നത്. പ്രശ്നം ജീവന്റെ മേഖലയുടെതാണ്.

*ലേഖകൻ സി.സി.ഡി.യു. ഡയറക്ടറാണ്*

◆




# ദാരിദ്ര്യ നിർമ്മാർജ്ജനം
## കേരളം ലോകത്തിന് മാതൃക

**ടി.ഷാഹുൽ ഹമീദ്**

യൂനിസെഫ് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ലോകത്തിലെ 108 രാജ്യങ്ങളിലെ ദാരിദ്ര്യാവസ്ഥയെ കുറിച്ച് നടത്തിയ പഠനത്തിൽ കേരളം ലോകത്തിന് മാതൃകയായിരിക്കുന്നു. ദാരിദ്ര്യം കുറഞ്ഞ 7 ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മുമ്പിൽ തലയുയർത്തി നിൽക്കുന്നത് കേരളമാണ്. പ്രസ്തുത പഠനത്തിൽ ദക്ഷിണേഷ്യയിലെ ഏറ്റവും ദരിദ്രമായ മേഖല ബീഹാർ ആണ് എന്ന് നമുക്ക് കാണാൻ സാധിക്കും. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഭരണഘടനാദൗത്യം നിർവ്വഹിക്കുവാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയും ചെയ്തത് കൊണ്ടാണ് കേരളത്തിന് ഈ ചരിത്രനേട്ടം നേടാൻ സാധിച്ചത്.

ഒരു കൂട്ടം വല്ലായ്മയുടേയും ഇല്ലായ്മയുടേയും ഒത്തുചേരലാണ് ദാരിദ്ര്യം. ദരിദ്രന്റെ മാത്രം കുറ്റം കൊണ്ടല്ല അവർ ദരിദ്രരാകുന്നത്. വ്യത്യസ്തങ്ങളായ സാമൂഹ്യപ്രശ്നങ്ങൾ നേരിടുന്നത് കൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നത്. ബഹുമുഖമായ ദാരിദ്ര്യത്തെ കുറയ്ക്കുന്നതിനും ഇല്ലായ്മചെയ്യുന്നതിനും കേരളം കഴിഞ്ഞ കാലങ്ങളിൽ സ്വീകരിച്ച മികച്ച മാതൃകകളും നിലപാടുകളും ഇന്ത്യയും മറ്റ് രാജ്യങ്ങളും സ്വീകരിക്കുകയും പുതിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഉണ്ടാകുമ്പോൾ കേരള മാതൃക പിന്തുടരുകയും ചെയ്യുന്നുണ്ട്. ലോകത്ത് അധിവസിക്കുന്ന 160 കോടി ദരിദ്രരിൽ 44 കോടിയും ഇന്ത്യയിലെ 8 സംസ്ഥാനങ്ങളായ ബീഹാർ, ജാർഖണ്ഡ്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, ചത്തീസ്ഗഡ്, ഒഡീഷ, രാജസ്ഥാൻ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലാണ് ഉള്ളത് എന്ന് അറിയുമ്പോഴാണ്, കേരളത്തിന്റെ നേട്ടത്തിന്റെ പത്തരമാറ്റ് ബോ





**ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കേരളം സ്വീകരിച്ച പുതിയ സമീപനങ്ങൾ പ്രത്യേകിച്ച് കഴിഞ്ഞ 4 വർഷക്കാലമായി ലഭിക്കുന്ന ഒരു പ്രത്യേക പരിഗണനയും ഈ നേട്ടത്തിന്റെ പിറകിലുണ്ട്. ദരിദ്രർക്ക് മുഖ്യപങ്കാളിത്തമുള്ള സംഘടനയായ, കേരളത്തിന്റെ മുഖശ്രീയായ, കുടുംബശ്രീയിൽ ഇന്ന് 44 ലക്ഷം സ്ത്രീകളുടെ പങ്കാളിത്തത്തോടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഒരു നിറശ്രീയായി പ്രവർത്തിക്കുന്നു.**

ധ്യമാകുന്നത്. 25 ദരിദ്ര ആഫ്രിക്കൻ രാജ്യങ്ങളെക്കാൾ കൂടുതൽ ദരിദ്രർ ഈ 8 സംസ്ഥാനങ്ങളിൽ ഉണ്ട് എന്ന് നാം ഓർക്കണം.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കേരളം സ്വീകരിച്ച പുതിയ സമീപനങ്ങൾ പ്രത്യേകിച്ച് കഴിഞ്ഞ 4 വർഷക്കാലമായി ലഭിക്കുന്ന ഒരു പ്രത്യേക പരിഗണനയും ഈ നേട്ടത്തിന്റെ പിറകിലുണ്ട്. ദരിദ്രർക്ക് മുഖ്യപങ്കാളിത്തമുള്ള സംഘടനയായ, കേരളത്തിന്റെ മുഖശ്രീയായ, കുടുംബശ്രീയിൽ ഇന്ന് 44 ലക്ഷം സ്ത്രീകളുടെ പങ്കാളിത്തത്തോടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഒരു നിറശ്രീയായി പ്രവർത്തിക്കുന്നു. വ്യത്യസ്തങ്ങളായ സാമൂഹിക ക്ഷേമപദ്ധതികൾ രാജ്യത്ത് ഉണ്ടായിട്ടും, ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിട്ടും രാജ്യത്തിന്റെ ദാരിദ്ര്യം കുറഞ്ഞുവരുന്നില്ല എന്ന് ഭരണാധികാരികൾക്ക് മനസ്സിലായതുകൊണ്ട് കഴിഞ്ഞ യുപിഎ സർക്കാർ, കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഒരു പുതുസമീപനം സ്വീകരിക്കുകയും ഗ്രാമദാരിദ്ര്യം ഇല്ലാതാക്കുന്നതിന് ദേശീയ ഗ്രാമീണ ഉപജീവനമിഷനും, നഗരദാരിദ്ര്യം ഇല്ലാതാക്കുന്നതിന് ദേശീയ നഗരഉപജീവനമിഷനും രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഉപജീവന സമീപനം രാജ്യം സ്വീകരിക്കുകയും, ദരിദ്രരെ അവർക്ക് മാത്രം പങ്കാളിത്തമുള്ള സംഘടനാ സംവിധാനങ്ങളിൽ കൊണ്ട് വന്ന് വ്യത്യസ്ത കഴിവുകളും, നൈപുണ്യങ്ങളും, വൈദഗ്ധ്യങ്ങളും നൽകി ബാങ്കുകളുമായി ബന്ധിപ്പിച്ച് വ്യത്യസ്തങ്ങളായ ഉപജീവന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഒരു പുതിയ ദിശാമാറ്റം രാജ്യം സ്വീകരിച്ച് ഏറ്റവും ദരിദ്രമായ ദക്ഷിണേന്ത്യൻ രാജ്യങ്ങളുടെ പട്ടികയിൽ നിന്ന് ഇന്ത്യയ്ക്ക് മോചനം ഉണ്ടാകുന്നതിനുള്ള പരിശ്രമം തുടരുകയാണ്, അഫ്ഗാനിസ്ഥാൻ, ഇൻഡ്യ, ബംഗ്ലാദേശ്, പാകിസ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളാണ് ദക്ഷിണേന്ത്യയിലെ ദാരിദ്ര്യം അനുഭവിക്കുന്ന രാജ്യങ്ങൾ.

2015 ജൂണിൽ പ്രസിദ്ധീകരിച്ച ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ പഠന റിപ്പോർട്ടിൽ ലോകത്തെ 78% ജനനങ്ങൾ ഉൾക്കൊള്ളുന്ന 108 രാജ്യങ്ങളിലെ ദാരിദ്ര്യത്തിന്റെ അവസ്ഥയെക്കുറിച്ച് സവിസ്തരം പറയുന്നുണ്ട്. പ്രസ്തുത രാജ്യങ്ങളിലെ ജനസംഖ്യയുടെ 30% പേരും കടുത്ത ദാരിദ്ര്യാവസ്ഥയിലാണ് എന്നാണ് പഠന റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ, കേരളം നടത്തിയ ഉജ്ജ്വലമായ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ദീപ്തമായി ലോകത്തിനു മുന്നിൽ തലയുയർത്തി നിൽക്കുന്നു. ദരിദ്രരിൽ 52% സൗത്ത് ഏഷ്യൻ രാജ്യങ്ങളിലും 29% സഹാറാൻ ആഫ്രിക്കൻ രാജ്യങ്ങളിലുമാണ് അധിവസിക്കുന്നത്. ദരിദ്രരിൽ 71% അധിവസിക്കുന്നത് അവികസിത രാജ്യങ്ങളിലാണ് എന്നാണ് കണ്ടെത്തലുകൾ, രാജ്യത്തിന്റെ സന്തുലിതമായ വികസനം ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനവുമായി അഭേദ്യമായ ബന്ധം ഉണ്ട് എന്ന് പഠനറിപ്പോർട്ടിലൂടെ തെളിയുന്നു. ലോകത്തെ ഏറ്റവും ദരിദ്രർ അധിവസിക്കുന്നത് നൈജർ എന്ന ആഫ്രിക്കൻ രാജ്യത്താണ്. അവിടെയുള്ളവരിൽ 89.3% ദരിദ്രരാണ്, ദാരിദ്ര്യം കൂടുതൽ അനുഭവപ്പെടുന്നത് നഗരപ്രദേശങ്ങളെക്കാൾ ഗ്രാമപ്രദേശങ്ങളിലാണ് എന്നും സർവ്വേ റിപ്പോർട്ടിൽ പറയുന്നു. ഏതാണ്ട് 85% ദരിദ്രരും ഗ്രാമീണ മേഖലയിലുള്ളവരാണ്. 96% സോമാലിയയിലെ ഗ്രാമീണ ജനങ്ങളും ദരിദ്രരാണ്. നഗരദാരിദ്ര്യം ഏറ്റവും കൂടുതൽ ഉള്ളത് മാലിയിലാണ്. അവിടെ നഗരപ്രദേശങ്ങളിലെ 55% വും ദരിദ്രരാണ്. ദാരിദ്ര്യത്തെ നിർവ്വചിക്കുന്നതിനും, കണക്കാക്കുന്നതിനും വ്യത്യസ്ത അളവുകോൽ ഉണ്ടെങ്കിലും യുനിസെഫിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം, ആരോഗ്യം വിവിധ ജീവത നിലവാരങ്ങളിലെ അവസ്ഥ എന്നിവയുമായി ബന്ധപ്പെട്ടാണ് ഒരാളുടെ ദാരിദ്ര്യാവസ്ഥ തീരുമാനിക്കുന്നത്. ഒരു കുടുംബത്തിലെ ഒരംഗത്തിനും അഞ്ചാം തരംവരെ പഠിക്കാൻ കഴിഞ്ഞില്ല എങ്കിലും





കുട്ടികളെ വിദ്യാഭ്യാസത്തിനായി സ്കൂളിൽ അയയ്ക്കാൻ സാധിച്ചില്ല എങ്കിലും കുടുംബത്തിൽ ശിശു മരണം സംഭവിച്ചിട്ടുണ്ടെങ്കിലും, കുട്ടികളിൽ പോഷകാഹാര കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും വൈദ്യുതി, കക്കൂസ്, കുടിവെള്ള സ്രോതസ്, കിടപ്പാടം, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എന്നീ അടിസ്ഥാന അതിജീവന സൗകര്യങ്ങളുടെ അഭാവമുള്ളവരെയും റേഡിയോ, റ്റി.വി., ബൈക്ക്, ഫ്രിഡ്ജ്, ടെലിഫോൺ എന്നീ ഉപകരണങ്ങൾ ഒന്നിൽ കൂടുതൽ ഇല്ലാത്തവർ കാറോ, ട്രക്കോ സ്വന്തമായി ഇല്ലാത്തവർ എന്നിവരെയാണ് ദരിദ്രർ എന്ന് പറയുന്നത്. ഈ ഘടകങ്ങളിൽ 3 ൽ ഒന്നും ഇല്ലാത്തവരെ പരമദരിദ്രരെന്നും വിവക്ഷിക്കുന്നു.

ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നേപ്പാൾ, റുവാണ്ട, ഘാന, ബംഗ്ലാദേശ്, കമ്പോഡിയ, ടാൻസാനിയ എന്നീ രാജ്യങ്ങൾ മാതൃകപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. ദരിദ്രർക്ക് സാനിറ്റേഷൻ സൗകര്യം ഉണ്ടാക്കുന്ന കാര്യത്തിൽ റുവാണ്ടയും, കുട്ടികളുടെ സ്കൂൾ പഠനവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ, ഘാനയും, ശിശുമരണ നിരക്ക് കുറക്കുന്ന കാര്യത്തിൽ ടാൻസാനിയയും കുടിവെള്ള സൗകര്യം ഒരുക്കുന്ന കാര്യത്തിൽ ഉഗാണ്ടയും മികവാർന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

ഇന്ത്യയിലെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും ദരിദ്രരെ കണ്ടുപിടിക്കുന്ന രീതിയും വ്യത്യസ്തമാണ്. ആദ്യകാലങ്ങളിൽ നിശ്ചിത കലോറി ഭക്ഷണം ലഭ്യമാകാത്തവരെ ദരിദ്രരായും പിന്നീട്, ടെൻഡുൽക്കർ റിപ്പോർട്ട് പ്രകാരം അതിജീവനവുമായി ബന്ധപ്പെട്ട ഭക്ഷണവസ്തുക്കളുടെ വാങ്ങൽ ശേഷിയെ ദാരിദ്ര്യത്തിന്റെ അളവുകോലാക്കുകയും ചെയ്തിട്ടുണ്ട്. ഒരുദിവസം 1.25 ഡോളർ വരുമാനമില്ലാത്തവർ ദരിദ്രരാണ് എന്നാണ് ലോകബാങ്ക് പറയുന്നത്. മെയ് 2014 ലെ ലോകബാങ്കിന്റെ കണക്ക് പ്രകാരം ലോകത്തെ 872.3 മില്യൻ ദരിദ്രരിൽ 179.6 മില്യനും ഇന്ത്യയിലാണ് എന്നാണ് പറയുന്നത്. അതായത്, ലോകജനസംഖ്യയുടെ 17.5% മാത്രം ഇന്ത്യയിൽ അധിവസിക്കുമ്പോൾ ദരിദ്രരുടെ 20.6 % ഇന്ത്യയിൽ കഴിയുന്നു എന്നത് രാജ്യത്തിന്റെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ അഭംഗുരം മുന്നോട്ടു കൊണ്ടു പോകേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. ഗ്രാമീണ മേഖലയിൽ പ്രതിദിനം 26 രൂപയും, നഗര മേഖലയിൽ 32 രൂപയും വരുമാനമില്ലാത്തവരായി ഇന്ത്യാക്കാരിൽ ഏതാണ്ട് 30% ഉണ്ട് എങ്കിൽ രാജ്യപുരോഗതിക്ക് വിലങ്ങുതടിയാകുന്ന ഒരു പ്രധാന ഘടകം തന്നെയാണ് ഇതെന്ന് ഭരണാധികാരികൾ മനസ്സിലാക്കണം. കാർഷികമേഖലയുടെ വളർച്ച 48%ത്തിൽ നിന്ന് 2% ആയി ചുരുങ്ങിയതും, 60% ജനങ്ങളും കാർഷികമേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരിൽ വരുമാനക്കുറവ് അനുഭവപ്പെട്ടതും ഇന്ത്യയുടെ ദാരിദ്ര്യാവസ്ഥയ്ക്ക് ആക്കം കൂട്ടി. ബീഹാറിലെ 43% ദരിദ്രരും, ഒറീസ്സയിലെ 41% ദരിദ്രരും ഇന്ത്യാമഹാരാജ്യത്തിനു മുമ്പിൽ ഉയർത്തുന്നത് ഒരു വലിയ ചോദ്യചിഹ്നമാണ്.

റിസർവ്വ് ബാങ്കിന്റെ കണക്ക് പ്രകാരം കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ തോത് 7.05% ആണ്. അരുണാചൽപ്രദേശ്, ആസ്സാം, ബിഹാർ, ചത്തീസ്ഗഡ്, ജാർക്കണ്ഡ്, മധ്യപ്രദേശ്, മണിപ്പൂർ, ഒറീസ, ദാദ്രാനഗർ ഹവേലി എന്നീ സംസ്ഥാനങ്ങളിലെ ദാരിദ്ര്യം 30%ൽ കൂടുതലാണ്. ഇന്ത്യയിലെ സം



അടക്കം സമഗ്ര പുരോഗതിയും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന ആശ്രയ പദ്ധതി കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഏറ്റവും വലിയ മകുടോദാഹരണമാണ് ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കപ്പെട്ട അർഹരെ ഉൾപ്പെടുത്തിയുള്ള ആശ്രയ പദ്ധതിക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും 25 ലക്ഷം രൂപ ചലഞ്ച് ഫണ്ട് നൽകാൻ സർക്കാർ മുന്നോട്ട് വന്നതും, പ്ലാൻഫണ്ടിൽ അവരുടെ എല്ലാ അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാനുള്ള അനുവാദവും നൽകിയത് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ അകക്കാമ്പായിരുന്നു.

ഒട്ടനവധി പദ്ധതികളിലൂടെ ശക്തമായ ഇടപെടലുകൾ നടത്തിയതുകൊണ്ടാണ് കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ ലോകം അംഗീകരിച്ചിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാട് അനതിവിദൂരമായ കാലത്തിൽ ദരിദ്രർ ഇല്ലാത്ത ഒരു പ്രദേശമാക്കാൻ പോകുന്നതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും കൃത്യമായ സാമൂഹ്യ സുരക്ഷാ വലയം സൃഷ്ടിച്ച് അർഹതപ്പെട്ട മുഴുവൻപേർക്കും കൈത്താങ്ങ് നൽകി മുഴുവൻ ദരിദ്രരെയും രക്ഷപ്പെടുത്തുന്ന ആശ്രയ പദ്ധതിയുടെ രണ്ടാംതല പ്രവർത്തനം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ഇനിയും അവശേഷിക്കുന്ന ദരിദ്രരെയും വ്യത്യസ്തങ്ങളായ സമീപനങ്ങൾ സ്വീകരിച്ച് രക്ഷപ്പെടുത്തുന്നതിനും ഒന്നിച്ചുള്ള പ്രയാണത്തിൽ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ഒന്നിച്ച് പ്രവർത്തിക്കുവാനും നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾക്ക് ലോകത്തിന്റെ അംഗീകാരം കിട്ടിയ ഏറ്റവും സന്തോഷകരമായ അനുഭവം എല്ലാവർക്കുമായി പങ്കുവച്ചുകൊണ്ട് ദരിദ്രരില്ലാത്ത കേരളത്തിനായി നമുക്ക് പ്രയത്നിക്കാം. ◆

*ലേഖകൻ കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസറാണ്*

**ദാരിദ്ര്യത്തിന്റെ മാറാപ്പ് പേറുന്നവരെ കേരളസർക്കാർ വ്യത്യസ്ത പദ്ധതികൾ കൊണ്ട് രക്ഷപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ലോകത്തെ 108 രാജ്യങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേരളത്തിന് പ്രത്യേക പരിഗണനയും പ്രശംസയും ലഭിച്ചത്. ഭരണാധികാരികൾക്ക് ഏറ്റവും താഴെ തട്ടിലുള്ളവരുടെ കണ്ണീരൊപ്പാൻ സാധിച്ചെങ്കിൽ മാത്രമേ രാജ്യത്തിന് പുരോഗതി ഉണ്ടാകുകയുള്ളൂ.**

സ്ഥാനങ്ങളിൽ ദരിദ്രരുടെ എണ്ണത്തിൽ ഗോവ 5.09 % വുമായി കേരളത്തിന് തൊട്ടുമുമ്പിലുണ്ട്.

ദാരിദ്ര്യത്തിന്റെ മാറാപ്പ് പേറുന്നവരെ കേരളസർക്കാർ വ്യത്യസ്ത പദ്ധതികൾ കൊണ്ട് രക്ഷപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ലോകത്തെ 108 രാജ്യങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേരളത്തിന് പ്രത്യേക പരിഗണനയും പ്രശംസയും ലഭിച്ചത്. ഭരണാധികാരികൾക്ക് ഏറ്റവും താഴെ തട്ടിലുള്ളവരുടെ കണ്ണീരൊപ്പാൻ സാധിച്ചെങ്കിൽ മാത്രമേ രാജ്യത്തിന് പുരോഗതി ഉണ്ടാകുകയുള്ളൂ.

സാമൂഹ്യാധിഷ്ഠിത സമീപനത്തിലൂടെയുള്ള ഇടപെടലുകൾ ലോകദാരിദ്ര നിർമ്മാർജ്ജ പ്രവർത്തനങ്ങളിൽ നിന്ന് കേരളത്തെ വേറിട്ടതാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളാണ് കേരളത്തിൽ ദാരിദ്ര്യം കുറയുന്നതിന് ഏറെ സഹായിച്ചത്. കൂടാതെ ദരിദ്രരിൽ ദരിദ്രരായവരെ കണ്ടെത്തി അവരുടെ അതിജീവനം


**പ്രദീപ് രാമൻ**

# ഗാന്ധി പിറന്നത് ദക്ഷിണാഫ്രിക്കയിൽ!



ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഗുജറാത്തിലാണ് ജനിച്ചതെന്ന് ചരിത്രത്തിന്റെ ബാലപാഠം പഠിക്കുന്ന കുട്ടികൾപോലും കണ്ണുമടച്ച് പറയും. എം.കെ. ഗാന്ധിയെന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി ജന്മംകൊണ്ടത് ഇന്ത്യാക്കാരനായാണെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വവും പ്രത്യയശാസ്ത്രവും (ഗാന്ധിസം) ആവിഷ്കൃതമാകുന്നത് ദക്ഷിണാഫ്രിക്കയിലെ സമരങ്ങളുടെ തീച്ചൂളയിലാണെന്ന് നിസ്തർക്കം സമ്മതിക്കണം.

ഈ പശ്ചാത്തലത്തിലാണ് ഗാന്ധി അഥവാ ഗാന്ധിസം പിറവികൊണ്ടത് ദക്ഷിണാഫ്രിക്കയിലാണെന്നത് ഈ ലേഖനത്തിന്റെ തലക്കെട്ട് ധ്വനിപ്പിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് തിരിച്ചു വന്നതിന്റെ ശതാബ്ദി ആചരണത്തിന് സാംഗത്യമേറുന്നതും, അദ്ദേഹം ജീവിച്ചിരുന്ന കാലത്തും പിന്നീടും ഗാന്ധി വിമർശന വിധേയമായിക്കൊണ്ടിരുന്നത്. എന്തുതന്നെയായാലും അദ്ദേഹത്തിന്റെ വ്യതിരിക്തമായ വ്യക്തിത്വഗുണത്തിന്റെ സദംശ സമ്മേളനം തന്നെ. ദൗർഭാഗ്യവശാൽ സമകാലിക ഗാന്ധി വിമർശനം പലപ്പോഴും ചെന്നെത്തുന്നത് 'ഗാന്ധിവധ'ത്തിലുമാണ്. എന്നാൽ, ലോകം മുഴുവൻ സർവാദരണീയനാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന കാര്യം ഏതൊരു ഇന്ത്യാക്കാരനും അഭിമാനത്തിന് വക നൽകുന്നത് തന്നെ. ആ നിലയിൽ അദ്ദേഹത്തിന്റെ അസ്തിത്വ നിർമ്മിതി, മറ്റൊരു രാജ്യത്തെ സാമൂഹിക ജീവിതത്തിന്റെ ഉഴവ്ചാലിൽ വച്ചാണെന്നറിയു




മ്പോഴുണ്ടാകുന്ന കൗതുകം സ്വാഭാവികമായി ചിന്തോദ്ദീപകമായിത്തീരുകയാണിവിടെ. സംഘടനാപാടവവും നേതൃശേഷിയും ആദ്യം പ്രകടമാകുന്നത് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടേതായ ഒരു സമ്മേളനത്തോടെയാണ്. ഇവിടെ നടത്തിയ പ്രസംഗം അദ്ദേഹത്തിന്റെ പ്രഭാഷണവൈഭവം എടുത്ത് കാട്ടുന്നതായിരുന്നു. ഇന്ത്യാക്കാർക്ക് വോട്ടവകാശം നിഷേധിക്കുന്ന ഒരു ബില്ല് അവതരിപ്പിച്ച് പാസാക്കാനുള്ള പ്രിട്ടോറിയ ഭരണകൂടത്തിന്റെ നീക്കത്തിനെതിരെ ഒരു സമര പരമ്പരതന്നെ സൃഷ്ടിക്കേണ്ടിവരുമെന്ന് ഗാന്ധിക്ക് ബോധ്യമായി. ഈ സാഹചര്യത്തിലാണ് ഇന്ത്യാക്കാരുടെ സമരസംഘടനയായി 'നെറ്റാൾ ഇന്ത്യൻ കോൺഗ്രസ്' പിറവിയെടുക്കുന്നത്. സെക്രട്ടറി എന്ന നിലയിൽ ഗാന്ധിയുടെ മുൻകൈ പ്രവർത്തനം ഈ സംഘടനയ്ക്ക് മുതൽക്കൂട്ടായിരുന്നു. ദക്ഷിണാഫ്രിക്കയിൽ അടിച്ചമർത്തപ്പെട്ടിരുന്ന കരാർ തൊഴിലാളികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അവരുടെ അവകാശപോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തത്. അധ്വാനവർഗത്തോടുള്ള ഗാന്ധിയുടെ ആഭിമുഖ്യത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ്. മൗലികമായി ഹിന്ദുമത വിശ്വാസിയാണെങ്കിലും ഒരിക്കലും മറ്റ് മതസ്ഥരോട് പകയോ അസഹിഷ്ണുതയോ വച്ചുപുലർത്തിയില്ല. ഇക്കാര്യത്തിൽ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ അദ്ദേഹത്തിനുണ്ടായ അനുഭവങ്ങൾ തന്നെയാണ് അന്തർഭവിച്ചിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ കോളനി ഭരണത്തോട് ദയ-ഭക്തിബഹുമാനങ്ങളായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഇതാണ് അദ്ദേഹത്തിന്റെ നിലപാടുകളിൽ ഏറെ വിവാദമായതും ഉദ്ദേശശുദ്ധിയെ പലതവണ ചോദ്യം ചെയ്തതും ഇപ്പോഴും അത് തുടരുന്നതിനും കാരണം.

വർണവിരുദ്ധ സമരത്തിന്റെ തീച്ചൂളയിൽ ഊതിക്കാച്ചിയ പൊന്നുപോലെ തിളങ്ങുന്ന സമരോത്സുക ജീവിതത്തിന്റെ ഉടമയായി ഗാന്ധിയെ മാറ്റിയെടുക്കുന്നതിൽ ആ ഇരുണ്ട ഭൂഖണ്ഡത്തിലെ അനുഭവങ്ങൾ തന്നെയായിരുന്നു രാസത്വരകമായി വർത്തിച്ചത്. ഇതിനെ സാക്ഷ്യപ്പെടുത്തുന്നതാണ് ഇവിടെ ചുരുളഴിക്കപ്പെടുന്ന ജീവിതകഥ.

പ്രിട്ടോറിയ ഭരണകൂടത്തിനെതിരെ കറുത്ത വർഗ്ഗക്കാരുടെ പോരാട്ടം വളരെ സജീവമല്ലാതിരുന്ന അക്കാലത്ത് എതിർപ്പിന്റെ അഗ്നിസ്ഫുലിംഗങ്ങൾ ചിതറിത്തെറിപ്പിച്ച് ഒരു നിയോഗം പോലെ ദക്ഷിണാഫ്രിക്കയിലെത്തിയതാണ് ഗാന്ധി. പോർബന്തറിൽ നിന്നുള്ള ഒരു മേയൻ (മുസ്ലീം വിഭാഗം) കച്ചവട സ്ഥാപനത്തിന്റെ ക്ഷണപ്രകാരം അവർക്ക് ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്ന കേസിന്റെ നടത്തിപ്പായിരുന്നു ഗാന്ധിക്ക് അവിടുത്തെ പ്രഥമദൗത്യം. ഇതേത്തുടർന്നാണ് ഏതൊരു സാധാരണക്കാരനെയും പോലെ മനസ്സുനിറയെ, ആഫ്രിക്കൻ സ്വപ്നങ്ങളുമായി ഗാന്ധിയും യാത്ര പുറപ്പെടുന്നത്. നെറ്റാളിന്റെ തുറമുഖ നഗരമായ ഡർബാനിലെത്തിയ ശേഷം അവിടെനിന്നും ട്രെയിനിൽ പ്രിട്ടോറിയയിലേക്ക് പോയി.

കേവലമൊരു വക്കീൽപ്പണിക്ക് മാത്രമായി രാഷ്ട്രീയ പാരമ്പര്യമുള്ള ഒരു കുടുംബത്തിന്റെ പൈതൃകം പേറുന്ന സ്വന്തം ആയുസ്സ് തള്ളി നീക്കുന്നത് അത്യന്തം പ്രയാസകരമായിരിക്കുക സ്വാഭാവികം മാത്രം. പറഞ്ഞുകേട്ടതും വായിച്ചറിഞ്ഞതുമായ വർണ്ണവിദ്വേഷത്തിന്റെ കൂരമ്പുകൾ തനിക്കുനേരെ തന്നെ തിരിയാൻ തുടങ്ങിയപ്പോൾ കയ്യും കെട്ടി നോക്കി നിൽക്കുക ചരിത്ര പുരുഷന്മാർക്ക് അസാധ്യമാകുന്നതിൽ അത്ഭുതത്തിന് വകയില്ലെങ്കിലും അത് അന്യദേശത്താണെന്ന പരിമിതിയെ പരമസാധ്യതയാക്കി വളർത്തിയെടുത്തതാണ് ഗാന്ധിയുടെ കർമ്മ നൈപുണ്യം. അക്കാലത്ത് വെള്ളക്കാരനല്ലാത്ത ഒരാൾക്ക് ദക്ഷിണാഫ്രിക്കയിലെ ട്രയിനുക

ളിൽ ഒന്നാംക്ലാസിൽ യാത്രചെയ്യാൻ അനുവാദമുണ്ടായിരുന്നില്ല. എങ്കിലും തനിക്ക് തരപ്പെട്ടു കിട്ടിയ ടിക്കറ്റുപയോഗിച്ച് യാത്ര തുടങ്ങിയ ഗാന്ധിയെ നെറികെട്ട വർണ്ണവെറിയന്മാർ ചവിട്ടിപ്പുറത്താക്കുകയാണുണ്ടായത്.

യാത്ര പാതിവഴിയിലുപേക്ഷിച്ച് മാരിട്സ്ബർഗിൽ ഇറങ്ങേണ്ടിവന്ന അദ്ദേഹത്തിന്റെ വികാരമിശ്രിത മനസ്സിൽ തീജ്വാലകൾ ഉയരുകയായിരുന്നു. ഭീരുവിനെപോലെ മടങ്ങിപ്പോരുന്നതിനു പകരം ധീരനായി പടവെട്ടാനായിരുന്നു തീരുമാനം. അതുകൊണ്ട് അടുത്ത് കിട്ടുന്ന വണ്ടിയിൽത്തന്നെ പ്രിട്ടോറിയയിലേക്ക് പോകാൻ തീരുമാനിക്കുകയും ചെയ്തു. കമ്പനിയുടമ അബ്ദുള്ള സേഠിന്റെ നിർദ്ദേശപ്രകാരം പലരും ഗാന്ധിയെ ആശ്വസിപ്പിക്കാൻ അവിടെ എത്തിയിരുന്നു. അവരുടെ അനുഭവത്തിൽ 'അസാധാരണമായി' ഒന്നും സംഭവിച്ചില്ല എന്നാണ് അദ്ദേഹം മനസ്സിലാക്കിയതും അവർ വിവരിച്ചതും അവരുടെ കഥനകഥകൾ സശ്രദ്ധം കേട്ടിരുന്ന ഗാന്ധി വൈകിട്ടത്തെ തീവണ്ടി വന്നപ്പോൾ അതിൽ കയറി യാത്ര തുടർന്നു.

ആ രാത്രി മാഞ്ഞ് നേരം വെളുത്തപ്പോൾ തീവണ്ടി ചാൾസ് ടൗണിലെത്തി. ജോഹനാസ്ബർഗിലേക്ക്. അപ്പോൾ റെയിൽവേ ഉണ്ടായിരുന്നില്ല. പകരം കുതിരവണ്ടിയിലായിരുന്നു പിന്നീടുള്ള യാത്ര. അവിടെയും വർണവെറിയുടെ വിഷം തീണ്ടലുണ്ടായി. 'പർദേക്കോഫ്' എന്ന സ്ഥലത്ത് എത്തിയപ്പോൾ വെള്ളക്കാരനായ ഒരു നേതാവിന് പുകവലിക്കണം. ഇതിനായി ഗാന്ധിയെ എഴുന്നേൽപ്പിച്ച് അവിടെയിരിക്കാൻ അയാൾ ശ്രമിച്ചു. ഒരു ചാക്ക് കഷണം നൽകിയിട്ട് നിലത്ത് പോയിരിക്കാൻ അയാൾ ആജ്ഞാപിച്ചു. ഈ അവഹേളനം സഹിക്കാൻ ഗാന്ധി തയ്യാറായില്ല. വേണമെങ്കിൽ അകത്തിരിക്കാമെന്ന് പറഞ്ഞ് ഗാന്ധി പ്രതികരിച്ചു. ഇതിന്റെ പ്രത്യാഘാതമായി ഗാന്ധിയെ അടിക്കുകയും പിടിച്ചു തള്ളുകയും ചെയ്തപ്പോൾ വെള്ളക്കാരയ സഹയാത്രികർ പ്രശ്നത്തിൽ ഇടപെട്ടു. ഇതോടെ മർദ്ദനം




**ആ രാത്രി മാഞ്ഞ് നേരം വെളുത്തപ്പോൾ തീവണ്ടി ചാൾസ് ടൗണിലെത്തി. ജോഹനാസ്ബർഗിലേക്ക്. അപ്പോൾ റെയിൽവേ ഉണ്ടായിരുന്നില്ല. പകരം കുതിരവണ്ടിയിലായിരുന്നു പിന്നീടുള്ള യാത്ര. അവിടെയും വർണവെറിയുടെ വിഷം തീണ്ടലുണ്ടായി. 'പർദേക്കോഫ്' എന്ന സ്ഥലത്ത് എത്തിയപ്പോൾ വെള്ളക്കാരനായ ഒരു നേതാവിന് പുകവലിക്കണം. ഇതിനായി ഗാന്ധിയെ എഴുന്നേൽപ്പിച്ച് അവിടെയിരിക്കാൻ അയാൾ ശ്രമിച്ചു.**

നിർത്തിയെങ്കിലും അയാൾ പിറുപിറുത്ത് കൊണ്ടേയിരുന്നു. ആ കുതിരവണ്ടി ഓടുന്നതുപോലെതന്നെ ഗാന്ധിയുടെ ഹൃദയവും ആടിയുലയുന്നുണ്ടായിരുന്നു.

വർണ്ണവിവേചനത്തിന്റെ ദുർഭൂതം വിടാതെ പിന്തുടർന്നതിനാൽ ഹോട്ടലുകളോ ഒറ്റവീടുകളോ താമസത്തിന് ലഭ്യമായില്ല. ബെക്കറിന്റെ ശുപാർശയിൽ ഒരു പാവം സ്ത്രീയും മകനും മാത്രം താമസിക്കുന്ന ഒരു വീട്ടിൽ പണം കൊടുത്ത് താമസിക്കാനുള്ള ഏർപ്പാടായി. ആ കുടുംബത്തിലെ ഒരംഗത്തെപ്പോലെ അവിടെ താമസമുറപ്പിച്ചു.

അക്കാലത്ത് കൃത്യാന്തരബാഹുല്യവും അലട്ടാതിരുന്നതിനാൽ മതപഠനത്തിന് പ്രത്യേകിച്ച് ക്രിസ്തുമതം, സമയം ഏറെ ചെലവഴിച്ചു. നല്ലൊരു സുവിശേഷകൻ കൂടിയായിരുന്ന അറ്റോർണി ജനറൽ ബക്കറുടെ സ്വാധീനം ഇക്കാര്യത്തിൽ മുഖ്യഘടകമായിരുന്നു. മിസ് ഹാരിസ്, മിസ്. ഗാബ്, കോട്സ് എന്നിവരുമായി പ്രാർഥനാ സമ്മേളനത്തിൽവച്ച് പരിചയത്തിലായി. അവർ ഗാന്ധിക്കുവേണ്ടി ഒരു വിളിച്ചുചൊല്ലി പ്രാർഥന നടത്തി. "ദൈവമേ ഞങ്ങളുടെ ഇടയിലേക്ക് പുതുതായി കടന്നുവന്നിട്ടുള്ള ഈ സഹോദരന് നേർവഴി കാണിച്ചുകോടുക്കേണമേ. ഞങ്ങളെ രക്ഷിച്ച യേശുദേവൻ ഇദ്ദേഹത്തെയും രക്ഷിക്കുമാറാകണേ, യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഇതിനായി അപേക്ഷിക്കുന്നു ദൈവമേ." ഇതായിരുന്നു പ്രാർഥനയുടെ ഉള്ളടക്കം.

ഈ അവസരത്തിൽ ക്രൈസ്തവ സാഹിത്യം നല്ലപോലെ ഗാന്ധി

മനസ്സിലാക്കി. അദ്ദേഹത്തെ ക്രിസ്ത്യൻ വിശ്വാസിയായി പരിവർത്തനം നടത്താൻ ഈ സുഹൃത്ത് സംഘം ഏറെ പണിപ്പെട്ടു. ഒരുദാഹരണം ഇവിടെ ചൂണ്ടിക്കാട്ടാം:

ഗാന്ധിയുടെ കഴുത്തിൽ വൈഷ്ണവർ ധരിക്കുന്ന ഒരു തുളസി മാല ഉണ്ടായിരുന്നു. ഇതുകണ്ടപാടെ അതൊരു അന്ധവിശ്വാസത്തിന്റെ അടയാളമാണെന്ന് മി. കോട്സ് പറഞ്ഞു." ഈ അന്ധവിശ്വാസം നിങ്ങൾക്ക് യോജിച്ചതല്ല. വരൂ. ഞാനാമാല പൊട്ടിച്ചുകളയാം.

"പാടില്ല, നിങ്ങളെ ഞാനതിന് സമ്മതിക്കില്ല. എന്റെ അമ്മ തന്ന ഒരു വിശുദ്ധ സമ്മാനമാണത്-ഗാന്ധി മറുപടി പറഞ്ഞു. കോട്സ് വീണ്ടും ചോദിച്ചു."ശരിക്കും, നിങ്ങളതിൽ വിശ്വസിക്കുന്നുണ്ടോ?"

"എനിക്കതിന്റെ നിഗൂഢ പ്രാധാന്യമൊന്നും അറിയില്ല. അത് ധരിച്ചില്ലെങ്കിൽ ആപത്തുണ്ടാകുമെന്ന ധാരണയും എനിക്കില്ല. പക്ഷെ എന്റെ അമ്മ സ്നേഹംകൊണ്ടും എന്റെ നന്മയ്ക്ക് പ്രയോജനപ്പെടുമെന്ന വിശ്വാസത്തിലും എന്റെ കഴുത്തിൽ അണിയിച്ച ഒരു മാല കാരണം കൂടാതെ ഉപേക്ഷിക്കാൻ എനിക്ക് സാധ്യമല്ല. കാലപ്പഴക്കംകൊണ്ട് അത് തനിയെ പൊട്ടിപ്പോകുമ്പോൾ പുതിയൊരെണ്ണം വാങ്ങാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ ഈ മാല പൊട്ടിക്കാൻ ഞാൻ സമ്മതിക്കുകയുമില്ല." ഗാന്ധി ഉറച്ച സ്വരത്തിൽ നയം വ്യക്തമാക്കി.

ആചാരവിശ്വാസങ്ങൾ കൈവിടാൻ തയ്യാറാകാത്ത, പ്രലോഭനങ്ങളിൽ വീഴാത്ത ഒരു പാരമ്പര്യ യാഥാസ്ഥിതികന്റെ ഉറച്ചവാക്കുകളായി വേണം ഇതിനെ കാണാൻ. എന്നാൽ അന്ധവിശ്വാസം തന്റെ മനസ്സിൽ സ്ഥാനം പിടിക്കുകയില്ലെന്നും ഈ മറുപടിയിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്.

റെയിൽവേ അധികാരികളുമായി ബന്ധപ്പെട്ട് ഇന്ത്യാക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്കുകൾ അവിടുത്തെ ചട്ടപ്രകാരം പോലും അനീതിയാണെന്ന് ബോധ്യപ്പെടുത്താൻ ഗാന്ധി ശ്രമിച്ചു. ഉചിതമായി വസ്ത്രധാരണം നടത്തിവരുന്ന ഇന്ത്യാക്കാർക്ക് ഒന്നും രണ്ടും ക്ലാസ് ടിക്കറ്റുകൾ നൽകാൻ തുടങ്ങിയത് ഇതിന്റെ ഫലമായിട്ടാണ്. ഇതായിരുന്നു ആദ്യത്തെ സംഘടിത വിജയം. എന്നാലിത് പലപ്പോഴും പ്രായോഗികമായിരുന്നില്ല. കാരണം വസ്ത്രധാരണം ഉചിതമാണോ അല്ലയോ എന്ന് നിശ്ചയിച്ചിക്കുന്നത് വെള്ളക്കാരനായ സ്റ്റേഷൻ മാസ്റ്റർ ആണല്ലോ!

ഇന്ത്യയെ സംബന്ധിക്കുന്ന ചില രേഖകൾ ബ്രിട്ടീഷ് ഏജന്റ് ഗാന്ധിക്ക് കാണിച്ചുകൊടുത്തു. തയ്യബ് സേഠും അത്തരം ചില കടലാസുകൾ ഗാന്ധിക്ക് സംഘടിപ്പിച്ചു കൊടുത്തു. ഓറഞ്ച് ഫ്രീസ്റ്റേറ്റിൽ നിന്നും എത്ര ക്രൂരമായിട്ടാണ് ഇന്ത്യാക്കാരെ വേട്ടയാടി പായിച്ചതെന്ന് ഇതിൽ നിന്നൊക്കെ ഗാന്ധി മനസ്സിലാക്കി. ചുരുക്കത്തിൽ പ്രിട്ടോറിയയിലെ താമസത്തിനിടയിൽ ട്രാൻസ്‌വാളിലും ഓറഞ്ച് ഫ്രീ സ്റ്റേറ്റിലുമുള്ള ഇന്ത്യാക്കാരുടെ സാമൂഹികവും സാമ്പത്തികവും രാജകീയവുമായ അവസ്ഥയെപ്പറ്റി ആഴത്തിലുള്ള അറിവ് നേടാൻ ഗാന്ധിക്ക് കഴിഞ്ഞു. ട്രാൻസ്‌വാളിൽ കടക്കുന്ന ഓരോ



ഇന്ത്യാക്കാരനും ഒരു പവൻ വീതം പ്രവേശനക്കരം കൊടുക്കണമായിരുന്നു. അവർക്കായി പ്രത്യേകം പട്ടികപ്പെടുത്തിയിട്ടുള്ള ഭൂമി മാത്രമേ വാങ്ങാൻ പാടുള്ളൂ. എങ്കിൽപ്പോലും അവർക്ക് സ്വന്തമായ ഉടമസസ്ഥാവകാശം നിഷേധിച്ചിരുന്നു.

കറുത്തവർഗ്ഗക്കാരുടെ നിയമങ്ങളൊക്കെത്തന്നെയും ഏഷ്യാക്കാർക്കും ബാധകമായിരുന്നു. ഇതിൻപ്രകാരം ഇന്ത്യാക്കാർ പൊതു നടപ്പാതകളിലൂടെ നടക്കുന്നതിനുപോലും വിലക്കുണ്ടായിരുന്നു. പ്രത്യേക അനുമതി കൂടാതെ രാത്രി ഒമ്പത് മണിക്കുശേഷം പുറത്തിറങ്ങാനും അനുവാദമുണ്ടായിരുന്നില്ല.

നടപ്പാത ഉപയോഗത്തെ സംബന്ധിച്ച നിയമത്തിന്റെ പ്രാബല്യഫലങ്ങൾ, വളരെയേറെ പ്രത്യാഘാതങ്ങളാണുണ്ടാക്കിയത്. പ്രസിഡന്റ് സ്ട്രീറ്റിലൂടെ നടക്കാൻ പോവുക ഗാന്ധിയുടെ ഒരുപതിവായിരുന്നു. അവിടെ പാറാവുകാർ ഇടയ്ക്കിടെ മാറിവരുമായിരുന്നു. ഒരിക്കൽ ഒരു മുന്നറിയിപ്പും കൂടാതെ ഗാന്ധിയെ ഒരു പാറാവുകാരൻ ചവിട്ടിത്തള്ളി തെരുവിലേക്കിട്ടു. എന്നാൽ വ്യക്തിപരമായ പ്രയാസങ്ങളുടെ സങ്കടമുണർത്തിച്ചുകൊണ്ട് കോടതിയെ സമീപിക്കയില്ലെന്ന് തീർച്ചപ്പെടുത്തിയ ഗാന്ധി അയാൾക്കെതിരെ നടപടികളുമായി മുന്നോട്ടുപോയില്ല. ഇതദ്ദേഹത്തിന്റെ വ്യക്തിപരമായ സഹിഷ്ണുതയുടെയും ത്യാഗത്തിന്റെയും നിദർശനമാണ്.

ഈ അനുഭവം ഇന്ത്യൻ കുടിയേറ്റക്കാർക്കിടയിൽ ഗാന്ധിയോടുള്ള സഹാനുഭൂതി വർധിപ്പിക്കാനിടയാക്കി. അവരുടെ നിർബന്ധപ്രകാരം വേണ്ടിവന്നാൽ കേസുകൊടുക്കാമെന്ന് ഗാന്ധി ഒരു വേള സമ്മതിച്ചുവെങ്കിലും ഒരിക്കലും അതിനുവേണ്ടി വ്യക്തിപരമായ മുൻകൈ എടുത്തില്ല. ഇതോടെ ആത്മാഭിമാനമുള്ള ഇന്ത്യാക്കാരന് പറ്റിയ രാജ്യമല്ല ദക്ഷിണാഫ്രിക്കയെന്ന് ഗാന്ധി മനസ്സിലാക്കി. ഈ അവസ്ഥകൾ എങ്ങനെ മാറ്റിയെടുക്കാമെന്നായി പിന്നീടുള്ള ചിന്ത.

ഇത് കേട്ടിരുന്ന സദസ്യരിൽ ദേശാഭിമാന ബോധമുള്ള ഒരാൾ



**നടപ്പാത ഉപയോഗത്തെ സംബന്ധിച്ച നിയമത്തിന്റെ പ്രാബല്യഫലങ്ങൾ, വളരെയേറെ പ്രത്യാഘാതങ്ങളാണുണ്ടാക്കിയത്. പ്രസിഡന്റ് സ്ട്രീറ്റിലൂടെ നടക്കാൻ പോവുക ഗാന്ധിയുടെ ഒരുപതിവായിരുന്നു. അവിടെ പാറാവുകാർ ഇടയ്ക്കിടെ മാറിവരുമായിരുന്നു. ഒരിക്കൽ ഒരു മുന്നറിയിപ്പും കൂടാതെ ഗാന്ധിയെ ഒരു പാറാവുകാരൻ ചവിട്ടിത്തള്ളി തെരുവിലേക്കിട്ടു.**

ചാടിയെഴുന്നേറ്റ് പറഞ്ഞു "ഞാനൊരു പോംവഴി കാണുന്നുണ്ട്, അതായത്, ഗാന്ധി മടക്കയാത്ര തൽക്കാലം ഉപേക്ഷിച്ച് ഇപ്പോൾ ഞങ്ങളോടൊത്ത് താമസിക്കണം. നിങ്ങൾ പറയുന്നതുപോലെ ഞങ്ങൾ പ്രവർത്തിക്കും. "നമുക്കൊരുമിച്ച് പ്രതികരിക്കാം" എല്ലാവരും ഇത് ഉച്ചത്തിൽ ഏറ്റ് പറയുകയാണുണ്ടായത്. "ഒരു ബാരിസ്റ്റർ എന്ന നിലയ്ക്കും അദ്ദേഹത്തിനുണ്ടാകാവുന്ന സാമ്പത്തിക നഷ്ടം നമ്മൾ മനസ്സിലാക്കി അത് നികത്തണ" മെന്ന് അബ്ദുള്ള സേഠ് പറഞ്ഞു. അപ്പോൾ ഗാന്ധി ഇടപെട്ടു. "ഫീസ് ഇവിടെ ഒരു പ്രശ്നമേ അല്ല. പൊതുപ്രവർത്തനത്തിന് ഫീസോ ശമ്പളമോ പാടുള്ളതല്ല. താമസിക്കാൻ കഴിഞ്ഞാൽ തന്നെ നിങ്ങളുടെ ഒരു സേവകനായി മാത്രമേ ഞാൻ പ്രവർത്തിക്കൂ. എനിക്ക് ഇവിടെ എല്ലാപേരെയും പരിചയമില്ല. ഒത്തൊരുമിച്ച് പ്രവർത്തിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പുണ്ടെങ്കിൽ ഞാൻ ഒരുമാസം കൂടി ഇവിടെ താമസിക്കാൻ തയ്യാറാണ്." ഗാന്ധി അറിയിച്ചു. ആ ദൗത്യത്തിന്റെ പ്രായോഗികബുദ്ധിമുട്ടുകളും സാമ്പത്തികക്ലേശങ്ങളും ഗാന്ധി അവരെ പറഞ്ഞ് ബോധ്യപ്പെടുത്തി. ഇതിനോടുള്ള പ്രതികരണമായി ഒരു സംഘനാദമാണ് പിന്നീടവിടെ മുഴങ്ങി കേട്ടത്.

◆

(തുടരും)

*ലേഖകൻ എൻസൈക്ലോപീഡിയ എഡിറ്ററാണ്*

# മാണിക്കൽ ജിയോ ഇൻഫർമാറ്റിക് ഗ്രാമപഞ്ചായത്ത്

മാണിക്കൽ ഗ്രാമപഞ്ചായത്ത് ജി.ഐ.എസ് സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഭൗമവിവര പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയാണ്. ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം അഥവാ ജി. ഐ. എസ് കമ്പ്യൂട്ടർ സഹായത്തോടെയുള്ള സ്ഥാനീയ വിവരശേഖരണമാണ്. എന്നാൽ വിശാലാർത്ഥത്തിൽ ഭൂമിയുടെ ഉപരിതലത്തിലെ ഏതെങ്കിലുമൊരു പ്രദേശത്തിന്റെ സ്ഥാനീയ വിവരങ്ങളും അവയുടെ അനുബന്ധ വിവരങ്ങളും അടങ്ങിയ വിവരവ്യൂഹവും അവയെ അടിസ്ഥാനമാക്കിയുള്ള വിവിധ വിശകലനങ്ങളും വിവിധ പദ്ധതികളുടെ ആസൂത്രണത്തിനുതകുന്ന കമ്പ്യൂട്ടർ ഹാർഡ് വെയറുകളും സോഫ്റ്റ് വെയറുകളുമടങ്ങിയ സംവിധാനം എന്ന് ഇതിനെ പറയാം.

മറ്റ് വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി വിവധ ശാസ്ത്രശാഖകളുടെ അതിർവരമ്പുകളെ തകർത്ത് വിവിധ ദിശയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന വിവരവിജ്ഞാന സംവേദന ശാസ്ത്രത്തിന്റെ ഉയർന്ന രൂപമാണ് ജി.ഐ.എസ്. ഇതിൽ ഭൂപട നിർമാണ ശാസ്ത്രമായ കാർട്ടോഗ്രാഫി മുതൽ സ്പേസ് ടെക്നോളജി വരെ ബന്ധപ്പെട്ടിരിക്കുന്നു.

മാണിക്കൽ ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ, ഭൂപടനിർമ്മാണത്തിന്റെ പഴയ മാതൃകകൾ വെടിഞ്ഞ് കമ്പ്യൂട്ടർ സഹായത്തോടെയുള്ള ഭൂപടനിർമ്മാണമാണ് നടത്തിയിട്ടുള്ളത്.

സർവേ ആൻഡ് ലാന്റ് റിക്കോർഡിൽ നിന്നും ലഭ്യമായ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ കഡസ്ട്രൽ ഭൂപടത്തിലാണ് റോഡുകളുടെയും മറ്റ് ആസ്തികളുടെയും സ്ഥാനീയ വിവരങ്ങൾ ജി.പി.എസ് സംവിധാനത്തിന്റെയും പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വരുന്ന മുഴുവൻ വികസന മേഖലകളുടെ വിവരങ്ങൾ റോഡ്, ആസ്തികൾ തുടങ്ങിയവയുടെ വിവരങ്ങളും എളുപ്പത്തിൽ ലഭ്യമാകുന്ന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. ഇത്തരത്തിൽ കൃഷി, അനുബന്ധ മേഖലകൾ,പൊതുമരാമത്ത്, വിദ്യാഭ്യാസം, ശുചിത്വം, ആരോഗ്യം, കുടിവെള്ളം, ദാരിദ്ര്യലഘൂകരണം, പട്ടികജാതി/പട്ടികവർക്ഷം, സാംസ്കാരികമേഖല, കായികമേഖല, എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ സംവിധാനം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ പൂർണ്ണമായും സഹായിച്ചത് തിരുവനന്തപുരം ഗ്രാമീണപഠന കേന്ദ്രമാണ്.

### അവലംബിച്ച രീതിശാസ്ത്രം

ഭൗമവിവര ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യസാക്ഷാത്കാരത്തിന്റെ ആരംഭകാലപ്രവർത്തനം ഗ്രാമപഞ്ചായത്ത് ഭരണസമിതി ഗ്രാമീണ പഠനകേന്ദ്രത്തിലെ വിദഗ്ധരുമായുള്ള കൂടിയാലോചനയാണ്. അവലംബിക്കേണ്ട രീതിശാസ്ത്രം എന്താണെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെടുന്നതിന് ഈ കൂടിയിരുപ്പ് സഹായകരമായി. തുടർന്ന് ചിട്ടയായ രീതിയിലും തരത്തിലും പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് വേണ്ടി ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി അംഗീകരിച്ചു.

ഈ പ്രവർത്തിക്കാവശ്യമായ പഠനക്രിയ വളരെയധികം ആവശ്യമുള്ളതാകയാൽ ഇതിൽ പ്രവർത്തിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചവരും വിവിധ വാർഡുകളിൽ നിന്ന് തിരഞ്ഞെടുത്തവരുമായി പ്രവർത്തകർക്ക് ഗ്രാമീണപഠന കേന്ദ്രത്തിന്റെ ഫാക്കൽറ്റികൾ രണ്ട് ദിവസം നീളുന്ന പരിശീലനം നൽകി. തിയററ്റിക്കലായും പ്രായോഗികവുമായുള്ള പരിശീലനമാണ് നൽകിയത്.

ഇത്തരത്തിൽ പരിശീലനം സിദ്ധിച്ചവർ കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിന്റെ ടെക്നിക്കൽ സ്റ്റാഫിന്റെ സഹായത്തോടെ വീടുകളിലെ സാമൂഹ്യ സാമ്പത്തിക സർവേ, വീടുകൾ, കിണറുകൾ, റോഡുകൾ, ഭൂവിനിയോഗ വിവരങ്ങൾ, വഴിവിളക്കുകൾ, ജലസ്രോതസ്സുകൾ, ആസ്തികൾ എന്നിവയുടെ വിവരങ്ങളും അവയുടെ ഭൂമിശാസ്ത്രപരമായ സ്ഥാന നിർണ്ണയവുമാണ് ആദ്യം നിർവഹിച്ചത്. ഇതിനായി കഡസ്ട്രൽ മാപ്പും വിവിധ ഫോമുകളുമാണ് ഉപയോഗപ്പെടുത്തിയത്.

അടുത്തഘട്ടമായി, ഫീൽഡിൽ നിന്നും വിവിധ ഗ്രൂപ്പുകൾ ശേഖരിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണമായ കഡസ്ട്രൽ ഭൂപടത്തിലേക്ക് റീപ്ലോട്ട് ചെയ്തു. പ്രസ്തുത മാപ്പ് സ്കാൻ ചെയ്ത് വിവിധ അടുക്കുകളായി ജിയോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ സന്നിവേശിപ്പിച്ചു. തുടർന്ന് പ്രസ്തുത വിവരങ്ങളും കോണ്ടൂർ രേഖയും ഗൂഗിൾ എർത്തിൽ അപ് ലോഡ് ചെയ്തു.

ഭൗമവിവരപഞ്ചായത്തിന്റെ ഉദ്ഘാടനം ഉടനെ നിർവഹിക്കാൻ തക്ക വിധമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

*തയ്യാറാക്കിയത്:*

*എം.പി. പ്രമോദ്, സെക്രട്ടറി*
*മാണിക്കൽ ഗ്രാമപഞ്ചായത്ത്*

# കെട്ടുചിറയിൽ എസ്.എം.സി. ഷട്ടർ നിർമ്മിച്ചു

വർഷങ്ങളായി ഉപ്പുവെള്ളം കയറി കൃഷിചെയ്യുവാൻ കഴിയാതിരുന്ന വെള്ളാങ്ങല്ലൂർ, പൂമംഗലം, പടിയൂർ പഞ്ചായത്തുകളിലെ കോൾ നിലങ്ങളിൽ ഇനി ഉപ്പുവെള്ളം കയറുമെന്ന ആശങ്ക വേണ്ട. ഉപ്പുവെള്ള ഭീഷണി ഉയർന്നിരുന്ന കെട്ടുചിറയിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നുള്ള 18 ലക്ഷം രൂപ ചെലവഴിച്ച് എസ്.എം.സി. ഷട്ടർ നിർമ്മിച്ചു.

പടിയൂർ, പൂമംഗലം, വെള്ളാങ്ങല്ലൂർ പഞ്ചായത്തുകളിലെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുന്നതിന് കെട്ടുചിറയിൽ ഓരോ വർഷവും താൽക്കാലിക പുളിക്കെട്ടുകൾ നിർമ്മിക്കുകയായിരുന്ന പതിവ്. ഇവിടെ സ്ഥിരം സംവിധാനം എന്ന നിലയിലാണ് ബ്ലോക്ക് പഞ്ചായത്ത് എസ്.എം.സി. ഷട്ടർ സ്ഥാപിച്ചത്. ആദ്യം ഇറിഗേഷൻ വകുപ്പാണ് പുളിക്കെട്ടുകൾ നിർമിച്ചിരുന്നത്. പിന്നീട് ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ ജില്ലാ പഞ്ചായത്തിന് നിർമാണ ചുമതല കൈമാറി.

എന്നാൽ ചെറിയ നിർമാണ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് നിർമാണ ചുമതല ബ്ലോക്ക് പഞ്ചായത്തിന് കൈമാറി. പിന്നീട് അഞ്ച് ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കരുതെന്ന് സർക്കാർ ഉത്തരവ് വന്ന സാഹചര്യത്തിൽ പടിയൂർ, പൂമംഗലം, വെള്ളാങ്ങല്ലൂർ പഞ്ചായത്തുകൾ ഓരോ വർഷവും മാറി മാറി പുളിക്കെട്ടുകൾ കെട്ടുകയായിരുന്നു.

പലപ്പോഴും പുളിക്കെട്ടുകൾ കെട്ടാൻ സമയം വൈകുന്നതിനാൽ ഉപ്പുവെള്ളം കയറിയെന്ന പരാതി ഉയർന്നിരുന്നു. ഇടയ്ക്ക് വെള്ളം ഉയരുമ്പോൾ വെള്ളം കുറയ്ക്കാനും കഴിഞ്ഞിരുന്നില്ല. സ്ഥിരം ഷട്ടർ സംവിധാനം വന്നതോടെ ഇനി യഥാസമയം ഷട്ടറിടാനും കൃഷിക്കാരുടെ ആവശ്യമനുസരിച്ച് വെള്ളം ക്രമീകരിക്കാനും സാധിക്കും. കെട്ടുചിറ എസ്.എം.സി. ഷട്ടറിന്റെ താക്കോൽദാനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആലീസ് തോമസ് നിർവ്വഹിച്ചു.



ഡോ. എച്ച്.ആർ. കേശവ മൂർത്തി

# ജീവിതത്തിന്റെ സമസ്ത മേഖലകളിലെ ഐക്യത്തിനും രോഗ പ്രതിരോധത്തിനും ആരോഗ്യപോഷണത്തിനും യോഗ

**അന്താരാഷ്ട്ര യോഗാദിനം**

പുരാതന ഇന്ത്യൻ സമ്പ്രദായമായ യോഗയുടെ പ്രാധാന്യവും പ്രയോജനവും മാനവരാശിക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഇന്ത്യ ഈ മാസം 21 ന് (ജൂൺ 21) അന്താരാഷ്ട്രാ യോഗാദിനം ആചരിച്ചു. ജൂൺ 21 പ്രഥമ അന്താരാഷ്ട്ര യോഗാദിനമായി ആചരിക്കാനുള്ള നിർദ്ദേശത്തിന് 2014 ഡിസംബർ 11 ന് ചേർന്ന ഐക്യരാഷ്ട്ര പൊതു സഭ അംഗീകാരം നൽകിയിരുന്നു. 193 അംഗ പൊതുസഭയിൽ 177 രാജ്യങ്ങളുടെ റെക്കോർഡ് പിന്തുണയോടെ ഐകകണ്ഠ്യേനയാണ് ഇത് സംബന്ധിച്ച പ്രമേയത്തിന് അംഗീകാരം നൽകിയത്. വിവിധ മാർഗ്ഗങ്ങളിലൂടെ ഈ വിജ്ഞാനം പ്രചരിപ്പിക്കുന്നതിന് നമുക്ക് ഏവർക്കും ലഭിച്ച വലിയൊരവസരമാണിത്.

പൗരാണിക ഇന്ത്യൻ സമ്പ്രദായങ്ങളുടെ വിലമതിക്കാനാവാത്ത സംഭാവനയാണ് യോഗ. മനസ്സിന്റേയും ശരീരത്തിന്റെയും ഐക്യമാണത് പ്രതിനിധാനം ചെയ്യുന്നത്. അതുപോലെ ചിന്തയുടേയും പ്രവർത്തിയുടേയും, സംയമനത്തിന്റെയും സാക്ഷാത്കാരത്തിന്റെയും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സൗഹാർദ്ദത്തിന്റെയും ആരോഗ്യവും ക്ഷേമത്തെയും കുറിച്ചുള്ള സമഗ്രമായ സമീപനം എന്നിവയുടെയും ചേർച്ചയാണത്. യോഗ എന്നത് വ്യായാമം മാത്രമല്ല മറിച്ച് നമ്മുടെ ലോകവും പ്രകൃതിയുമായുള്ള ഒരുമയാണത് സൂചിപ്പിക്കുന്നത്. ജീവിതശൈലി മാറ്റിയെടുക്കുകയും മതിയായ അവബോധം സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് കാലാവസ്ഥാ വ്യതിയാനം പോലും നേരിടാൻ അത് നമ്മെ പര്യാപ്തമാക്കുന്നു.

**എന്താണ് യോഗ**

ശരീരവും മനസ്സും തമ്മിലുള്ള പൊരുത്തം സാധ്യമാക്കുന്ന, ആധ്യാത്മികമായ അച്ചടക്കത്തിലധിഷ്ഠിതമായ അതീവ സൂക്ഷ്മമായ ശാസ്ത്രമാണ് യോഗ. ആരോഗ്യകരമായ ജീവിതത്തിനുള്ള കലയും ശാസ്ത്രവുമാണത്. യോഗ എന്ന സംസ്കൃത പദത്തിന്റെ അർത്ഥം 'കൂട്ടിച്ചേർക്കൽ', ഒരുമിപ്പിക്കൽ, ബന്ധിപ്പിക്കൽ എന്നൊക്കെയാണ്. യുജ് എന്ന പേരിൽ നിന്നാണതിന്റെ ഉത്ഭവം. പതഞ്ജലിയുടെ യോഗസൂത്രയുടെ അടിസ്ഥാനത്തിൽ യുജ് സമാധാവു (ഏകാഗ്രമാക്കുക) എന്നതാണിതിന്റെ ശരിയായ അർത്ഥമെന്ന് പാര



ബര്യ വ്യാഖ്യാതാക്കൾ പറയുന്നു. ഇതിന്റെ രൂപം അതുമായി ബന്ധപ്പെട്ട വിശ്വാസ പ്രമാണങ്ങളോടും തത്വശാസ്ത്രങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലുംയോഗയുടെ പരമപ്രധാന ലക്ഷ്യം മോക്ഷമാണ്. ആത്മീയമായ

ലക്ഷ്യങ്ങൾക്ക് പുറമെ യോഗാഭ്യാസ മുറകൾ ആരോഗ്യ പ്രശ്നങ്ങൾ അകറ്റാനും, സമ്മർദ്ദങ്ങൾ കുറക്കാനും നട്ടെല്ലിന് വഴക്കം നൽകാനും സഹായമാകുന്നു. സമ്പൂർണ്ണ വ്യായാമ പരിപാടിയായും,ശാരീരിക ചികിത്സാ ചര്യയായും യോഗ ഉപയോഗപ്പെടുത്തുന്നുണ്ട്.

യോഗ പരിശീലനം (സാധന) യുടെ ലക്ഷ്യം എല്ലാത്തരം യാതനകളിൽ നിന്നുള്ള മുക്തിയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സമഗ്ര ആരോഗ്യം, ആഹ്ളാദം, ഐക്യം എന്നിവ കൈവരിച്ച് സ്വതന്ത്രമാകുന്ന ഒരു അവസ്ഥ അത് പ്രദാനം ചെയ്യുന്നു. യോഗ എന്ന ശാസ്ത്രം രൂപം കൊള്ളുന്നത് ആയിരക്കണക്കിന് വർഷങ്ങൾ മുമ്പാണ്. ആദ്യത്തെ മതമോ വിശ്വാസ വ്യവസ്ഥയോ നിലവിൽ വരുന്നതിനുമുമ്പ് യോഗ നിലവിലുണ്ടായിരുന്നു. സിന്ധു നദീതട സംസ്ക്കാരത്തിൽ നിന്നും ഉടലെടുത്തതാണ് യോഗ എന്ന് കരുതപ്പെടുന്നു. ബി സി 2700 നോളം പഴക്കമുള്ളതാണ് അതിന്റെ ചരിത്രം. മനുഷ്യകുലത്തിന്റെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിന് ഇത് പ്രയോജനപ്പെടുമെന്ന് തെളിയിക്കപ്പെട്ടതാണ്. വേദ കാലഘട്ടത്തിന് മുമ്പ് തന്നെ യോഗ നിലവിലുണ്ടായിരുന്നെങ്കിലും മഹാ ഋഷി വര്യനായ പതഞ്ജലിയാണ് അതിനെ ക്രമപ്പെടുത്തിയത്. യോഗ രീതികൾ, അർത്ഥങ്ങൾ, ബന്ധപ്പെട്ട അറിവ് എന്നിവ പതഞ്ജലിയുടെ യോഗസൂത്രങ്ങൾ വഴി അദ്ദേഹം ക്രമപ്പെടുത്തി. പതഞ്ജലിക്കുശേഷം അനേകം ഋഷിമാരും യോഗ ഗുരുക്കൻമാരും, സാഹിത്യത്തിലൂടെയും രേഖകളാക്കിയും ഈ മേഖലയുടെ സംരക്ഷണത്തിനും വികസനത്തിലും പങ്കാളിത്തം വഹിച്ചു. 11-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പേർഷ്യൻ പണ്ഡിതനായ അൽബറൂണി ഇന്ത്യ സന്ദർശിച്ചു. 16 വർഷം ഇന്ത്യയിൽ താമസിച്ച അദ്ദേഹം സംസ്കൃതത്തിലുള്ള നിരവധി പ്രധാന കൃതികൾ അറബിയിലേക്കും പേർഷ്യൻ ഭാഷയിലേക്കും തർജ്ജമ ചെയ്തു. ഇതിലൊന്ന് പതഞ്ജലിയുടെ യോഗസൂത്രയായിരുന്നു. പതഞ്ജലിയുടെ യോഗസൂത്രയിലെ പ്രധാന പ്രമേയങ്ങൾ ചോർന്നുപോവാതെ തന്നെ അവതരിപ്പിച്ചു. പക്ഷേ ചില യോഗ സൂത്രങ്ങളും വിശകലനങ്ങളും അതിനോടു കൂട്ടിച്ചേർക്കപ്പെട്ടു. അൽബറൂണിയുടെ യോഗാസൂത്ര ഭാഷ്യം എ.ഡി. 1050 ഓടെ പേർഷ്യയിലും അറേബ്യൻ ഉപദ്വീപിലും എത്തി.

പുരാതന കാലം മുതൽക്ക് ഇന്ന് വരെയുള്ള പ്രഗത്ഭരായ യോഗാചാര്യൻമാരുടെ ശിക്ഷണം വഴിയാണ് ലോകമെമ്പാടും യോഗ വളർന്നത്. രോഗപ്രതിരോധം, ആരോഗ്യ സംരക്ഷണം എന്നിവയിൽ യോഗക്കുള്ള പ്രാധാന്യം ഏവർക്കും ബോധ്യമാണ്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിനാളുകൾക്ക് യോഗയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഓരോ ദിവസം കഴിയുന്തോറും അത് കൂടുതൽ ഊർജ്ജസ്വലതയും മികച്ച വളർച്ചയുമാർജ്ജിക്കുന്നു. ഒരാളുടെ ശരീരം, മനസ്സ്, വികാരങ്ങൾ, ഊർജ്ജം എന്നീ വിതാനങ്ങളിൽ യോഗ പ്രവർത്തിക്കുന്നു. യോഗയുടെ നാല് വിശാലമായ തരംതിരിക്കലിന് ഇത് വഴി തെളിച്ചു. ശരീരത്തെ പ്രയോജനപ്പെടുത്തുന്ന കർമ്മയോഗ, മനസ്സിനെ പ്രയോജനപ്പെടുത്തുന്ന ജ്ഞാന യോഗ, വികാരങ്ങളെ ഉപയോഗപ്പെടുത്തുന്ന ഭക്തിയോഗ, ഊർജ്ജത്തെ ഉപയോഗപ്പെടുത്തുന്ന ക്രിയായോഗ എന്നിവയാണിവ.

**യോഗ സാധനകൾ**

ഏറ്റവും വ്യാപകമായി പരിശീ





ലിക്കപ്പെടുന്ന യോഗസാധനകൾ ഇവയാണ്:

യമ, നിയാമ, ആസന, പ്രാണയാമം, പ്രത്യാഹാര, ധാരണാ, ധ്യാന, സമാധി, ബന്ധാസ്, മുദ്ര, ശതകർമ്മ, യുക്താഹാര, മന്ത്രജപ, യുക്തകർമ്മ തുടങ്ങിയവയാണ്. യമ എന്ന് വച്ചാൽ ക്ലിപ്തപ്പെടുത്തലും, നിയാമ എന്ന് വെച്ചാൽ അനുഷ്ഠാനവുമാണ്. യോഗാഭ്യാസത്തിന് വേണ്ട മുന്നൊരുക്കങ്ങളാണിവ. ശരീരത്തിന്റെയും മനസ്സിന്റെയും തുലനം ദീർഘനേരമുറപ്പാക്കാൻ ആസനങ്ങൾ സഹായിക്കും. ശ്വസനപ്രക്രിയക്കുറിച്ചുള്ള ശരിയായ അവബോധമാണ് പ്രാണയാമം. മനസ്സിനുമേൽ നിയന്ത്രണം സ്ഥാപിക്കാനും ഇതുവഴി കഴിയും. തുടക്കത്തിൽ നിയന്ത്രിതമായ വിധത്തിൽ ശ്വാസം അകത്തേയ്ക്കെടുക്കുകയും പുറത്തേയ്ക്ക് തള്ളുകയും ചെയ്യുന്നതിലൂടെയാണ് ഇത് സാധ്യമാക്കുന്നത്.

**യോഗാ പരിശീലനത്തിനുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ**

ഒരു യോഗാ പരിശീലകൻ യോഗാഭ്യാസം നടത്തുന്ന വേളകളിൽ ഇനി പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടരേണ്ടതാണ്:

- ശുചിത്വം - പരിസരത്തിന്റെയും ശരീരത്തിന്റെയും മനസ്സിന്റെയും ശുദ്ധി.
- ശാന്തവും നിശബ്ദവുമായ അന്തരീക്ഷത്തിൽ സ്വസ്ഥമായ മനസ്സും ശരീരത്തോടും കൂടി വേണം യോഗ അഭ്യസിക്കേണ്ടത്.
- ഒഴിഞ്ഞ വയറ്റിലോ ലഘുവായി എന്തെങ്കിലും കഴിച്ചതിനുശേഷമോ വേണം യോഗാഭ്യാസം നടത്തേണ്ടത്. ക്ഷീണം തോന്നുന്നുണ്ടെങ്കിൽ ചെറു ചൂടുവെള്ളത്തിൽ തേൻ ചേർത്ത് കുറേശ്ശെ കഴിക്കാം.
- വിരേചനത്തിന് ശേഷമായിരിക്കണം യോഗ അഭ്യസിക്കേണ്ടത്.
- യോഗാഭ്യാസത്തിനായി ഒരു പായ ഉപയോഗിക്കണം (യോഗാ മാറ്റ്)
- ശരീരം ആയാസരഹിതമായി നീങ്ങുന്നതിന് കട്ടി കുറഞ്ഞ പരുത്തി വസ്ത്രങ്ങളാണ് ധരിക്കേണ്ടത്.
- അസുഖമുള്ളപ്പോഴോ, തളർച്ചയുള്ളപ്പോഴോ, മാനസിക പിരിമുറുക്കമുള്ളപ്പോഴോ യോഗ ചെയ്യുവാൻ പാടില്ല.
- വിട്ടുമാറാത്ത അസുഖങ്ങൾ, വേദന എന്നിവ ഉള്ളവർ, ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ തുടങ്ങിയവർ യോഗ അഭ്യാസം നടത്തുന്നതിനുമുമ്പ് ഒരു ഡോക്ടറെയോ, ഒരു യോഗാ തെറാപ്പിസ്റ്റിനെയോ കാണേണ്ടതാണ്.
- ഗർഭകാലത്തും, ആർത്തവേളകളിലും യോഗാഭ്യാസം ചെയ്യുന്നതിനുമുമ്പ് യോഗാ വിദഗ്ധരെ കാണേണ്ടതാണ്.
- മറ്റു തരത്തിൽ നിർദ്ദേശിക്കാത്തിടത്തോളം യോഗാഭ്യാസ വേളയിൽ മൂക്കിൽ കൂടി വേണം ശ്വാസം എടുക്കേണ്ടത്.
- ഒരു ഘട്ടത്തിലും ശരീരം ബലംപിടിക്കരുത്.
- ഗുണഫലങ്ങൾ ഉണ്ടാകാൻ അല്പ സമയമെടുക്കുന്നതിനാൽ തുടർച്ചയായുള്ള നിരന്തര പരിശീലനം ആവശ്യമാണ്.
- ധ്യാനത്തോടെയോ, അഗാതമായ മൗനത്തിലൂടെയോ വേണം യോഗാഭ്യാസം അവസാനിപ്പിക്കേണ്ടത്.
- യോഗാഭ്യാസത്തെ തുടർന്ന് 20–30 മിനിട്ടുകൾക്ക് ശേഷമേ കുളിക്കാൻ പാടുള്ളൂ.
- ഭക്ഷണം കഴിക്കുന്നതും യോഗാഭ്യാസത്തെ തുടർന്ന് 20–30 മിനിട്ടുകൾക്ക് ശേഷം മാത്രമേ പാടുള്ളൂ.



**യോഗയുടെ ഗുണങ്ങൾ**

എല്ലാത്തരം ബന്ധനങ്ങളിൽ നിന്നുള്ള മോചനത്തിലേയ്ക്കുള്ള പാതയാണ് യോഗ. അതേ സമയം യോഗ പ്രദാനം ചെയ്യുന്ന ശാരീരികവും മാനസികവുമായ നിരവധി ഗുണങ്ങൾ ആരോഗ്യമേഖലയിലെ ഗവേഷണങ്ങൾ അടുത്തിടെ കണ്ടെത്തിയിട്ടുണ്ട്.ദശലക്ഷക്കണക്കിന് യോഗാ പരിശീലകരുടെ അനുഭവവും ഇത് ശരി വെയ്ക്കുന്നു. ശാരീരിക ക്ഷമതയ്ക്കും, ശ്വാസകോശത്തിന്റെ ശരിയായ പ്രവർത്തനത്തിനും, ഹൃദയാരോഗ്യത്തിനും യോഗ നല്ലതാണെന്ന് ഗവേഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. പ്രമേഹം, ശ്വാസതടസ്സം, രക്തസമ്മർദ്ദം തുടങ്ങി നിരവധി ജീവിത ശൈലി രോഗങ്ങൾ കുറയ്ക്കാനും യോഗ സഹായിക്കും. വിഷാദരോഗം, ക്ഷീണം, ഉത്കണ്ഠ, മാനസിക പിരിമുറുക്കം തുടങ്ങിയവ കുറയ്ക്കാനും യോഗ വഴി സാധിക്കും. ആർത്തവം നിലയ്ക്കുമ്പോൾ ഉണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ വലിയൊരളവുവരെ നിയന്ത്രിക്കാനും യോഗയിലൂടെ കഴിയും. ചുരുക്കത്തിൽ, സമൃദ്ധമായ ഒരു ജീവിതത്തിന് വഴിയൊരുക്കുന്ന മനസ്സിനെയും ശരീരത്തിനെയും സൃഷ്ടിക്കുന്ന പ്രക്രിയയാണ് യോഗ.

ജനങ്ങളുടെ ശാരീരികവും മാനസികവുമായ ക്ഷേമത്തിൽ യോഗയുടെ സംഭാവനകൾ ഇതിനകം വ്യക്തമായി തെളിയിക്കപ്പെട്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ യോഗ കൂടി ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ജീവിത ശൈലിയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും, ചികിത്സാചെലവുകളും വർദ്ധിച്ചു വരുന്ന ഇന്നത്തെ കാലത്ത് പാശ്ചാത്യ മരുന്നുകളെ ആധാരമാക്കിയുള്ള പരമ്പരാഗത പാഠ്യപദ്ധതി ഒട്ടും തന്നെ അനുഗുണമല്ല. ആരോഗ്യ രംഗത്തെ പ്രൊഫഷനലുകൾക്കിടയിൽ വർദ്ധിച്ചു വരുന്ന മാനസിക പിരിമുറുക്കം കണക്കിലെടുക്കുമ്പോൾ നിരവധി വെല്ലുവിളികൾ നേരിടുന്നതിൽ യോഗ മാത്രമാണ് ആശാകിരണം. രോഗങ്ങൾ വരാതിരിക്കാനും ആരോഗ്യ പരിപോഷണത്തിനും മെഡിക്കൽ കോളേജുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും യോഗാഭ്യാസം ഏർപ്പെടുത്തേണ്ടതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. ചികിത്സാർത്ഥം യോഗ പ്രയോജനപ്പെടുത്താനുമാകും.

ആരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തുന്നതിൽ സമഗ്രമായ ഒരു സമീപനമാണ് യോഗ പ്രദാനം ചെയ്യുന്നത്. യോഗാഭ്യാസത്തിലൂടെ ലോകത്തെമ്പാടുമുള്ള ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനാകുമെന്ന സന്ദേശത്തിന് വൻ പ്രചാരം നൽകേണ്ടതുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും യോഗ പൊരുത്തം കൊണ്ടു വരുന്നു. രോഗം വരാതിരിക്കുന്നതിനും ആരോഗ്യപരിപാലനത്തിനും നിരവധി ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും യോഗ മുഖ്യ പങ്ക് വഹിക്കുന്നു. ◆

*തയ്യാറാക്കിയത്:*
*ഡോ. എച്ച്.ആർ.കേശവ മൂർത്തി,*
*കൊൽക്കത്ത പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയിലെ ഡയറക്ടറാണ്.*

# മാലിന്യ സംസ്കരണത്തിലെ സാമൂഹിക നിർമ്മിതികൾ

ബുഷ്റബീഗം ആർ.കെ.

ബ്രണ്ട്ലാന്റ് കമ്മിഷന്റെ (Bruntand commission)റിപ്പോർട്ടിലൂടെ സുസ്ഥിര വികസനം (Sustainable development) എന്ന ആശയത്തിന് ആഗോളതലത്തിൽ ലഭിച്ച സ്വീകാര്യതയുടെ ഒരു പ്രധാന പങ്ക് അതിലെ പരിസ്ഥിതി സംരക്ഷണത്തിനെക്കുറിച്ച് ദീർഘവീക്ഷണത്തോടെയുള്ള അവലോകനങ്ങളും വിശകലനങ്ങളുമായിരുന്നു. പ്രകൃതിവിഭവങ്ങൾ ഭാവിതലമുറയുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് നിശ്ചിത അളവിൽ (Optimum Quantity) ഉപയോഗിച്ചാൽ വികസനം എന്ന പ്രക്രിയ സുസ്ഥിരമാക്കാമെന്ന് ഈ റിപ്പോർട്ട് വിഭാവനം ചെയ്യുന്നു.

അമിത ഉപഭോഗം ഒരു സംസ്കാരമായി മാറുന്ന ഇക്കാലത്ത് ഇത്തരം അന്ധമായ ഉപഭോഗം പരിസ്ഥിയിൽ സൃഷ്ടിക്കുന്ന മാലിന്യക്കുമ്പാരങ്ങളും അവ സൃഷ്ടിക്കുന്ന സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും സുസ്ഥിര വികസനം എന്ന ആശയത്തിന്റെ പ്രയോഗിക സാധ്യതകളെപ്പോലും വെല്ലുവിളിയുയർത്തുന്നതാണ്. ജനപ്പെരുപ്പം (Population oxplosion) എന്ന മാറ്റിനിർത്താനാവാത്ത വസ്തുത ഇത്തരം വെല്ലുവിളികൾക്ക് പലമടങ്ങ് ശക്തിപകരുന്നു. പ്രകൃതിയോടിണങ്ങിയ ചര്യകളും (Ecofriendly Practices)ജൈവികമായി മണ്ണിലലിഞ്ഞു ചേരുന്ന വസ്തുക്കൾക്ക് (bio - degradable)ളുടെ ഉപയോഗവും നമ്മുടെ ദൈനം ദിന ജീവിതത്തിൽ ഗണ്യമായി കുറഞ്ഞുപോയതും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയിൽ സാരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നു.

മാലിന്യ സംസ്കരണം എന്നത് നഗര – ഗ്രാമ ഭരണ സമിതികൾ ഏറ്റവും പ്രധാന്യം കൽപ്പിക്കേണ്ട ചുമതലകളിൽ ഒന്നാണ് എന്ന വസ്തുത നിലനിൽക്കേ ഒരോ പ്രദേശങ്ങൾക്കും അനുയോജ്യമായ തരത്തിൽ മാലിന്യസംസ്കരണ പ്രക്രിയകളെ ചിട്ടപ്പെടുത്തുകയും ഇത്തരം പ്രക്രിയകളെ വിജയിപ്പിക്കുന്നതിന് ഒരു സമൂഹത്തിന്റെ മുഴുവൻ സഹകരണം ഉറപ്പു വരുത്തുകയും ചെയ്യാൻ ചുമതലപ്പെട്ടവർ തയ്യാറായാൽ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജനം സുസ്ഥിര വികസനത്തിലേക്കുള്ള ഒരു കാൽ വെയ്പ് എന്ന നിലയിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ വീണ്ടെടുക്കാൻ സഹായിക്കുന്നതാണ്. കേരളത്തിൽ ഒരു വ്യക്തി





പ്രതിദിനം 500 ഗ്രാം മാലിന്യം സൃഷ്ടിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കൊച്ചി നഗരസഭ മാലിന്യം സൃഷ്ടിക്കുന്നതിൽ ബാംഗ്ലൂർ സിറ്റിയെക്കാൾ മുന്നിലാണ്. സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ 50% മാത്രമാണ് ശേഖരിക്കപ്പെടുകയും വേണ്ട രീതിയിൽ നിർമ്മാർജനം നടത്തുകയും ചെയ്യുന്നുള്ളു എന്ന വസ്തുത കേരളത്തിന്റെ മാലിന്യ നിർമ്മാർജനത്തോടുള്ള ജനങ്ങളുടെ അപകടകരമായ ഉദാസീനത (Public apathy) എത്രത്തോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും, ഭാവിയിൽ എത്രത്തോളം സങ്കീർണ്ണത സൃഷ്ടിക്കാൻ കഴിവുള്ളതാണ് ഈ പ്രശ്നം എന്നും വ്യക്തമാക്കുന്നതാണ്.

മാലിന്യ സംസ്കരണത്തിന് ആവശ്യാനുസരണം ജീവനക്കാരെ ലഭ്യമല്ല എന്നുള്ളതും, പരിമിതമായ ഗതാഗതാ സൗകര്യങ്ങളാണ് ഈ പ്രവർത്തനത്തിൽ ഏർപ്പെടാൻ അനുവദിച്ചിട്ടുള്ളത് എന്നതും മാലിന്യ സംസ്കരണത്തിന് വേണ്ട

**മാലിന്യ സംസ്കരണത്തിന് ആവശ്യാനുസരണം ജീവനക്കാരെ ലഭ്യമല്ല എന്നുള്ളതും, പരിമിതമായ ഗതാഗതാ സൗകര്യങ്ങളാണ് ഈ പ്രവർത്തനത്തിൽ ഏർപ്പെടാൻ അനുവദിച്ചിട്ടുള്ളത് എന്നതും മാലിന്യ സംസ്കരണത്തിന് വേണ്ട സാങ്കേതിക വിദ്യകളുടെയും സ്ഥലമുൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളുടെയും അഭാവവും ഇത്തരം പ്രവർത്തനങ്ങളുടെ മുന്നോട്ട് പോക്കിനെ ചെറുക്കുന്നു.**

സാങ്കേതിക വിദ്യകളുടെയും സ്ഥലമുൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളുടെയും അഭാവവും ഇത്തരം പ്രവർത്തനങ്ങളുടെ മുന്നോട്ട് പോക്കിനെ ചെറുക്കുന്നു. രാസവസ്തുക്കളിൽ നിന്നും മോചിതമായുള്ള കൃഷി രീതികളെ അവലംബിക്കുന്നതും, പരിസ്ഥിതിക്കനുയോജ്യമായ സാധനങ്ങളുടെ ഉൽപാദനവും ഉപഭോഗവും വർധിപ്പിക്കുക പരിസ്ഥിതി നിയമങ്ങൾ നിഷ്ടയോടെ പാലിക്കുക, പ്ലാസ്റ്റിക് വസ്തുക്കളെ ബഹിഷ്കരിക്കുക തുടങ്ങിയ നടപടികൾ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് മാലിന്യ സംസ്കരണം എന്ന പ്രശ്നത്തിന്റെ സങ്കീർണ്ണത ഒരളവ് വരെ കുറയ്ക്കാൻ സഹായകമാവും.

എല്ലാത്തിലുപരി മാറേണ്ടത് ജനങ്ങൾക്ക് മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളോടുള്ള മനോഭാവം ആണ് നമ്മുടെ ജീവിതത്തിലേക്ക് ഫ്ളാറ്റ് സംസ്കാരം കടന്നുകയറിയതോടൊപ്പം ഇവിടങ്ങളിലെ ആൾക്കാർ പിന്തുടർന്ന് പോരുന്ന തെറ്റായ മാലിന്യ സംസ്കരണ രീതികൾക്കും ക്രമേണ സ്വാഭാവികത കൈവന്നു. കുട്ടികളുടെ നാപ്കിൻ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ അതേപടി

പ്ലാസ്റ്റിക് കവറുകളിലാക്കി റോഡുകളിൽ നിക്ഷേപിക്കാൻ ഇവിടങ്ങളിലെ വിദ്യാസമ്പന്നരായ ആളുകൾ തയ്യാറാവുന്നു. ഇത്തരം തെറ്റായ പ്രവണതകൾ ആരോഗ്യമേഖലയിൽ ഉണ്ടാക്കുന്ന വെല്ലുവിളികളും ഒട്ടും നിസ്സാരമല്ല.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത് പൊതു ആരോഗ്യരംഗത്തിനു തന്നെ അപകട ഭീഷണിയുണ്ടാക്കുന്നു. ഇത്തരം പ്രവർത്തനങ്ങളെ ജീവിതമാർഗമായി (livelihood) സ്വീകരിക്കുന്നത് കാരണമായി അവർ നേരിടുന്ന സാമൂഹിക വിവേചനം (social Discrimination) പല സാഹചര്യങ്ങളിലും വളരെ പ്രകടമാണ്. ആമാശയ സംബന്ധമായ രോഗങ്ങൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, മഞ്ഞപ്പിത്തം. ത്വക്ക്രോഗങ്ങൾ നടുവേദന മുതലായ ഇത്തരം ജീവനക്കാരെ സ്ഥിരം ബാധിക്കാറുണ്ട്. ഇവർക്ക് കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നതും, ആരോഗ്യ ഇൻഷുറൻസ് സൗജന്യമായി നൽകേണ്ടതും ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ പാലിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങൾ നടപ്പിലാക്കേണ്ടതും ഗ്രാമ - നഗര ഭരണ സമിതികളുടെ ധാർമിക ഉത്തരവാദിത്തമാണ്.

ഇലക്ട്രോണിക് വേസ്റ്റ് അഥവാ ഇ- വേസ്റ്റ് (E-waste)എന്ന പ്രശ്നം സാങ്കേതികമായി മുന്നോട്ട് കുതിക്കുന്ന എല്ലാ രാജ്യങ്ങളും നേരിടുന്നുണ്ട്. ഇത്തരം മാലിന്യങ്ങൾ ശതകോടി വർഷങ്ങൾ കഴിഞ്ഞാലും മണ്ണിൽ അലിയുന്നില്ല (non- degradable) എന്നുള്ളത് ഈ രംഗത്തിന് തന്നെ ഭാവിയിൽ ഒരു വലിയ വെല്ലുവിളി ഉയർത്തുന്നതാണ്. യു.എസ്. ഇ- വേസ്റ്റ് സൃഷ്ടിക്കുന്ന കാര്യത്തിൽ മറ്റു ലോകരാജ്യങ്ങളെക്കാൾ മുന്നിലാണ്. ഇത്തരം വികസിത രാഷ്ട്രങ്ങൾ സൃഷ്ടിക്കുന്ന ഈ - വേസ്റ്റ് കൂടുതലായും തള്ളപ്പെടുന്നത് ചൈനയിലാണ്. 2013 -ൽ മാത്രമായി ആപ്പിൾ കമ്പനി വിറ്റഴിച്ചത് 706 മില്യൺ യൂണിറ്റ് ഇലക്ട്രോണിക് ഗാഡ്ജറ്റ്സ് ആണ്.



ഇന്ത്യയിലെ ജനങ്ങൾ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യ സ്വന്തമാക്കാനുള്ള പാച്ചിലിൽ വർഷം തോറും വലിച്ചെറിയുന്ന ഇ- വേസ്റ്റിന്റെ അളവിൽ ഗണ്യമായവർധനവുണ്ടായതായി പഠനങ്ങൾ ചൂണ്ടിക്കാടുന്നു. ഇതു കൂടാതെ, വികസിത രാജ്യങ്ങൾ ഇന്ത്യയെ അവരുടെ ഇ-വേസ്റ്റുകൾ പുറന്തള്ളാനുള്ള നിലമായി കണക്കാക്കുന്നു.

## ആസ്രൂത്രിത പ്രവർത്തനശൈലി സിദ്ധാന്തം

ഇസെക്ക് അജ്സെൻ 1985 -ൽ എഴുതിയ 'From Intentions to Action' എന്ന ലേഖനം സാമൂഹികവിപത്തുകളോടുള്ള മനുഷ്യന്റെ വ്യത്യസ്ഥങ്ങളായ സമീപനങ്ങളെക്കുറിച്ചും ഇത്തരം സമീപനങ്ങൾ സാമൂഹിക വിപത്തുകളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നതിനെക്കുറിച്ചും ഒരു വേറിട്ട സൈദ്ധാന്തികകാഴ്ചപ്പാട് നൽകുന്നതായിരുന്നു ഇതിന് അദ്ദേഹം ഉപയോഗിച്ച സിദ്ധാന്തം പലതലങ്ങളിലും പ്രശസ്ത മനശാസ്ത്രജ്ഞനായ ആൽബർട്ട് ബാണ്ടരയുടെ സെൽഫ് എഫിക്കസി തിയറിയിൽ നിന്നും പ്രേരണ ഉൾക്കൊണ്ടിട്ടുണ്ട്. അത് കൊണ്ട് തന്നെ ഈ സിദ്ധാന്തത്തിന്റെ അവലോകന സാധ്യതകൾ മാലിന്യ സംസ്കരണ പ്രവർത്തങ്ങളോട് ജനങ്ങളുടെ സമീപനത്തിനെക്കുറിച്ചും അതിന്റെ പരിണിതഫലങ്ങളെക്കുറിച്ചും വിശകലനം ചെയ്യാൻ അനുയോജ്യമാണെന്ന് ഗവേഷകർ മനസ്സിലാക്കി.

ആസ്രൂത്രിത പ്രവർത്തനശൈലി സിദ്ധാന്തം എന്ന സൈദ്ധാന്തിക ദർപ്പണത്തിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോടുള്ള ജനങ്ങളുടെ സമീപനത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ മനസ്സിലാവുന്നത്. ഒരു സാമൂഹത്തിൽ മാലിന്യ നിർമാർജന പ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യം ഒരു വ്യക്തിയിലോ അല്ലെങ്കിൽ ചില വ്യക്തികളിലോ മാത്രം ഒരുങ്ങി നിൽക്കുന്നതാണെങ്കിൽ Social Influence കാരണമായി മാലിന്യനിർമ്മാർജന പ്രവർത്തനങ്ങളോട് ആഭിമുഖ്യം കാണിക്കുന്നവരെപ്പോലും ഇത്തരം പ്രവർത്തനങ്ങളോട് വൈമുഖ്യം കാണിക്കുന്ന അതേ സമൂഹത്തിലെ ജനങ്ങൾ സ്വാധീനം ചെലുത്തുകയും ക്രമേണ അവരിലും മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താൽപര്യം ഇല്ലാതാക്കുകയും ചെയ്യുന്നു. അതിനാൽ തന്നെയാണ് ഒരു സമൂഹത്തിലുടനീളം ഇത്തരം പ്രവർത്തനങ്ങളോട് വ്യക്തമായ ആഭിമുഖ്യം ഉണർത്താൻ കഴിയാതെപോകുന്ന മാലിന്യ നിർമ്മാർജന പരിപാടികൾ സുസ്ഥിരമല്ലാതായിമാറുന്നത്. ◆

*ലേഖിക കേരള യൂണിവേഴ്സിറ്റിയിൽ അസി. പ്രൊഫസറാണ്*




# ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ DBT

സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യപ്പെടുന്ന സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലൂടെ നേരിട്ട് വിതരണം ചെയ്യുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നവീന സംരംഭമാണ് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ അഥവാ ഡി.ബി.ടി എന്നറിയപ്പെടുന്നത്. ദേശീയ സാമൂഹ്യ സുരക്ഷാ പദ്ധതി (NSAP)യുടെ ഭാഗമായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (IGNOAP) ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (IGNDP), ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ(IGNWP) എന്നീ 3 ഇനം സാമൂഹ്യ സുരക്ഷാ പെൻഷനുകളും സംസ്ഥാന സർക്കാർ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ള അൻപതു വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ(UMWP), കർഷക തൊഴിലാളി പെൻഷൻ (ALP) എന്നിവയുൾപ്പെടെയുള്ള 5 ഇനം പെൻഷൻ പദ്ധതികളാണ് ഡി.ബി.ടി സംവിധാനത്തിലൂടെ വിതരണം ചെയ്യപ്പെടുന്നത്. കേന്ദ്ര സർക്കാർ NSAP യുടെ ഭാഗമായുള്ള പെൻഷൻ പദ്ധതികൾ ഡി.ബി.ടി സംവിധാനത്തിലൂടെയാണ് വിതരണം ചെയ്യേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന പെൻഷനുകളും കൂടി ഉൾപ്പെടുത്തി 27.07.2013 ലെ സ.ഉ.(പി)നം. 363/2013/ധന. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നോഡൽ ഓഫീസറായി പഞ്ചായത്ത് ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ കീഴിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്ന ഡി.ബി.ടി സെൽ മുഖേനയാണ് ഗ്രാമപഞ്ചായത്തുകളുടെയും, നഗരസഭകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളും അടങ്ങുന്ന 1043 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം സുഗമമായി നിർവ്വഹിക്കപ്പെടുന്നത്.

2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ തുകകൾ ഡി.ബി.ടി സംവിധാനത്തിലൂടെ അയയ്ക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി 06.07.2015 ന് തിരുവനന്തപുരത്ത് നിർവ്വഹിക്കുകയുണ്ടായി.

ഡി.ബി.ടി സംവിധാനം പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിലേക്ക് പ്രവേശിക്കാം. ഡി.ബി.ടി സംവിധാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ഓരോ മാസവും വിതരണം ചെയ്യുന്നതിനാവശ്യമായ തുക സർക്കാരിൽ നിന്നും ആവശ്യപ്പെടേണ്ടതുണ്ട്. ഇപ്രകാരം തുക ആവശ്യപ്പെടുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പെൻഷൻ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണത്തിനനുസൃതമായാണ്. എല്ലാ മാസവും 5-ാം തീയതി വരെയുള്ള തീയതികളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സേവന സോഫ്റ്റ്വെയറിൽ പെൻഷൻ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാനും നീക്കം ചെയ്യുവാനും തിരുത്തലുകൾ വരുത്തുന്നതിനുമുള്ള സൗകര്യം ലഭ്യമായിരിക്കും. പിന്നീടുള്ള ദിവസങ്ങളിൽ വിവിധ പെൻഷൻ പദ്ധതികൾക്ക് വിവിധ ശീർഷകങ്ങളിൽ ആവശ്യമായ തുക കണക്കാക്കി സർക്കാരിന് റിക്വിസിഷൻ സമർപ്പിക്കുന്നു. സർക്കാർ അനുവദിക്കുന്ന തുക എല്ലാ മാസവും 15-ാം തീയതി പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. അതിനെ തുടർന്ന് പ്രസ്തുത അക്കൗണ്ടിൽ നിന്നും ഗുണഭോക്താവിന്റെ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകളിലേക്കും ഇ.എം.ഒ ആയും പെൻഷൻ തുക വിതരണം ചെയ്യപ്പെടുന്നു. ഡി.ബി.ടി സംവിധാനത്തിൽ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകൾ വഴിയുള്ള വിതരണത്തിനാണ് മുൻഗണന നൽകേണ്ടത്. ഓരോ ഗുണഭോക്താവിനും എപ്പോൾ വേണമെങ്കിലും സൗകര്യപ്രദമായ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകി

പെൻഷൻ വിതരണ മാർക്ഷം തെരഞ്ഞെടുക്കാവുന്നതാണ്. ശയ്യാവലംബികളും ശാരീരിക വിഷമതകൾ മൂലം അക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ സാധിക്കാത്തവർക്കും മാത്രമായിട്ടാണ് ഇ.എം.ഒ സംവിധാനം നിലനിർത്തിയിട്ടുള്ളത്. ഇ.എം.ഒ അയയ്ക്കുന്നതു മൂലമുള്ള കാലതാമസം ഒഴിവാക്കൽ, കമ്മീഷൻ ഇനത്തിലുള്ള തുക ഒഴിവാക്കുന്നതു മൂലമുള്ള സാമ്പത്തിക നേട്ടം എന്നിവ മുൻ നിർത്തിയാണ് ഡി.ബി.ടി യുടെ ക്ഷമത വർദ്ധിക്കുന്നത് എന്നുള്ളതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തികച്ചും അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമേ ഇ.എം.ഒ ഓപ്ഷൻ നൽകാവൂ എന്നുള്ളത് ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. കൂടാതെ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ യഥാസമയം അപ്ഡേറ്റ് ചെയ്യപ്പെടുന്നുവെന്നുള്ളതും പ്രാധാന്യമർഹിക്കുന്നതാണ്. ഗുണഭോക്തൃ വിവരങ്ങളിൽ വരുത്തപ്പെടുന്ന മാറ്റങ്ങൾ അതേ സമയം തന്നെ ഡി.ബി.ടി സംവിധാനത്തിൽ പ്രതിഫലിക്കും എന്നുള്ളതിനാൽ കാലോചിതമായി വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.



സംസ്ഥാനത്തെ ഓരോ ഇനം പെൻഷനുകളുടെയും പ്രതിമാസ നിരക്ക്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | | പ്രതിമാസ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ഇന്ദിരാഗാന്ധിദേശീയവാർദ്ധക്യകാല പെൻഷൻ (IGNOAP) | 80 വയസ്സിനു മുകളിൽ | 1200 | 120366 |
| | 80 വയസ്സിനു താഴെ | 600 | 906263 |
| ഇന്ദിരാഗാന്ധിദേശീയവികലാംഗ പെൻഷൻ (IGNDP) | 80% നു മുകളിൽ | 1100 | 33862 |
| | 80% നു താഴെ | 800 | 277705 |
| ഇന്ദിരാഗാന്ധിദേശീയവിധവാ പെൻഷൻ (IGNWP) | | 800 | 1046545 |
| അൻപതുവയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWP) | | 800 | 67479 |
| കർഷക തൊഴിലാളി പെൻഷൻ (ALP) | | 600 | 497186 |
| ആകെ ഗുണഭോക്താക്കൾ | | **2949406** | |

സംസ്ഥാനത്തെ 29 ലക്ഷം ഗുണഭോക്താക്കൾക്ക് ഇപ്രകാരം പ്രതിമാസം പെൻഷൻ വിതരണം ചെയ്യുന്നതിന് ഇരുന്നൂറ്റി അൻപത്തി അഞ്ച് കോടി രൂപ ആവശ്യമാണ്. സമൂഹത്തിലെ ഗണ്യമായ ഒരു വിഭാഗം ജനങ്ങൾക്ക് സർക്കാർ നൽകുന്ന കൈത്താങ്ങ് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സമർത്ഥമായ ഇടപെടലുകൾ അനിവാര്യമാണ്.



ഇതോടൊപ്പം സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ അപേക്ഷ സ്വീകരിക്കുന്നത് മുതൽ പെൻഷൻ വിതരണം ചെയ്യുന്നത് വരെയുള്ള മുഴുവൻ സംവിധാനങ്ങളും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതു മുലം പെൻഷൻ അപേക്ഷകൾ വളരെ വേഗത്തിൽ തീർപ്പാക്കുന്നതിനും വിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും സാധിക്കും.

പ്രതിമാസം ഒരു നിശ്ചിത തുക ഗുണഭോക്താവിന് കൃത്യമായി ലഭിക്കുന്നത് ഇന്നാട്ടിലെ അശരണരും ആലംബഹീനരുമായ പൗരന്മാരുടെ ആത്മാഭിമാനം ഉയർത്തുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും ഒരു പരിധി വരെ സഹായകരമാകും. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ സഹജീവികളോടുള്ള കരുണ എന്ന രീതിയിലല്ല പ്രത്യുത അവരെ പൊതുധാരയിൽ ഒപ്പം കൂട്ടുന്നതിനാണ് എന്നുള്ള ചിന്താ സരണിയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. ◆

*പി.എൻ.എസ്.*

# മാലിന്യ സംസ്കരണം നിയമ ഭേദഗതി നടപ്പിൽ വരുത്താൻ തദ്ദേശ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം

നിയമ (ലെജിസ്ലേഷൻ- സി) വകുപ്പിന്റെ 23.12.2014 ലെ 5139/ലെജി. സി1/2013/ നിയമം. നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2014 ലെ പഞ്ചായത്ത് രാജ് നിയമ ഭേദഗതി (2014 ലെ 34-ാം ആക്ട്) നടപ്പിൽ വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ചും ഗ്രാമ പഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതുണ്ട്. മുഖ്യമായും മാലിന്യ സംസ്കരണത്തിന് മുൻതൂക്കം നൽകിയുള്ള നിയമ ഭേദഗതിയിലെ മറ്റ് കാര്യങ്ങൾ ഇവയാണ്.

1) വ്യവസായ പ്രദേശങ്ങളുടെ നിർവ്വചനങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പ്രസതുത പ്രദേശങ്ങളിൽ പഞ്ചായത്തുകൾക്ക് നിയന്ത്രണാധികാരങ്ങളില്ല. ഇവിടങ്ങളിൽ നിന്നും വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി എന്നിവ പിരിച്ചെടുക്കുന്നതിനൊഴികെ മറ്റ് അധികാരങ്ങൾ ഉണ്ടായിരിക്കില്ല. (ആകട് 1)
2) പ്രവാസി ഭാരതീയർക്ക് അവരുടെ പാസ്പോർട്ടിലെ താമസ സ്ഥലത്തെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശം (ആക്ട് 21)
3) അങ്കണവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ആശാ വർക്കർമാരും സാക്ഷരതാ പ്രേരകുമാരും ഹോണറേറിയം കൈപ്പറ്റുന്ന പാർടൈം ജീവനക്കാരെന്ന പരിഗണനയിൽ ഒഴിവ് നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിൽ വിലക്കില്ലന്നത് (ആക്ട് 30)
4) സ്ഥാനമൊഴിയുന്ന പ്രസിഡന്റോ വൈസ് പ്രസിഡന്റോ തന്റെ പിൻഗാമിക്ക് തന്നിൽ വന്നു ചേർന്നതും പഞ്ചായത്തിന്റേതുമായ ഏതെങ്കിലും സ്വത്തു വകകളൊ പണമൊ ഏൽപ്പിച്ചു കൊടുക്കാതിരുന്നാൽ പതിനായിരം രൂപ വരെ പിഴ ശിക്ഷ നൽകാനുള്ള വ്യവസ്ഥ (ആകട് 154) എന്നിവ ഭേദഗതി ആക്ടിന്റെ സവിശേഷതയാണ്.

മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള നിയമ ഭേദഗതിയിലെ പ്രധാന കാര്യങ്ങൾ താഴെ കൊടുക്കുന്നു.

### വകുപ്പ് 219 വി– മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യൽ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 219 എ മുതൽ 219 വി വരെയുള്ള നിയമത്തിൽ അടങ്ങിയിരിക്കുന്നത് എന്തുതന്നെയായിരുന്നാലും ഈ പുതിയ വകുപ്പ് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവ് ശാലകൾ, കോഴി മത്സ്യ സ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകളും കാറ്ററിംഗ് സ്ഥാപനങ്ങളും, 100 ചതുരശ്ര മീറ്ററിലധികം വരുന്ന വീടുകളും തുടങ്ങിയവയുടെ ഉടമസ്ഥൻ അല്ലെങ്കിൽ നടത്തിപ്പുകാരൻ അത്തരം സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ മതിയായ സൗകര്യങ്ങളോടെ തരം തിരിച്ച് സൂക്ഷിക്കുകയും അവ അത്തരം സ്ഥാപനങ്ങളുടെ ഉറവിട സ്ഥലത്ത് തന്നെയോ പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതിയോടെ അത്തരം സ്ഥാപനങ്ങളുടെ സമീപ സ്ഥലത്തുവച്ചോ പരിസ്ഥിതിക്ക് യാതൊരു ദോഷവും ഉണ്ടാക്കാത്ത വിധം യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജന രീതി സർക്കാർ അംഗീകരിച്ച സംവിധാനം വഴിയും പഞ്ചായത്ത് ഇതിലേക്കായി രൂപീകരിക്കുന്ന ബൈലോ പ്രകാരമോ ആയിരിക്കണം.

ഇത്തരത്തിൽ മാലിന്യ സംസ്കരണത്തിന് മതിയായ സംവിധാനമില്ലാത്തവർ ഗ്രാമ പഞ്ചായത്ത് മുഖേനയോ സർക്കാർ അംഗീകൃത മാലിന്യ സംസ്കരണ ഏജൻസികൾ വഴിയോ മാലിന്യ സംസ്കരണം നിർവ്വഹിക്കുന്നതിലേക്ക് മാലിന്യത്തിന്റെ അളവ് തരം എന്നിവക്കനുസൃതമായി നിശ്ചിത ഫീസ് ഗ്രാമ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. മാത്രമല്ല അത്തരം അജൈവ മാലിന്യങ്ങൾക്ക് കാരണമാകുന്ന സാധനങ്ങൾ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുന്ന കമ്പനികളും വിതരണക്കാരുമായും ഇവ തിരിച്ചെടുക്കുന്നതിന് കരാറിലേർപ്പെടേണ്ടതും അതിന് കഴിയാത്ത പക്ഷം നിശ്ചിത നിരക്കിലുള്ള ഫീസ് അത്തരം വിതരണക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ വിഭാഗം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന മലിന ജലം ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും അതിന് കഴിയാത്തവർ അംഗീകൃത ഏജൻസികളുമായി കരാറിലേർപ്പെട്ട് സംസ്കരിക്കേണ്ടതും മലിന ജലം യാതൊരു കാരണവശാലും ജലാശയങ്ങളിലേക്കൊ ഓടകളിലേക്കൊ പൊതു സ്ഥലത്തേക്കൊ പൊതുവഴിയിലേക്കൊ ജല സ്ശ്രോതസുകളിലേക്കൊ ഒഴുക്കി വിടാൻ പാടില്ലാത്തതാണ്.

എന്നു മാത്രമല്ല മുകളിൽ പറഞ്ഞ വിഭാഗം കെട്ടിടങ്ങൾ അവയുടെ നിർമ്മാണ വേളയിൽ തന്നെ മേൽ പറഞ്ഞ പ്രകാരം മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടന്ന് അവയുടെ നിർമ്മാണ വേളയിലും കെട്ടിട നമ്പർ



അനുവദിക്കുമ്പോഴും സെക്രട്ടറി ഉറപ്പ് വരുത്തിയിരിക്കേണ്ടതും അപ്രകാരം സംവിധാനമില്ലാത്തവക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ കെട്ടിട നമ്പറോ നൽകാൻ പാടില്ലാത്തതുമാണന്ന് പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ നിലവിലുള്ള അത്തരം കെട്ടിടങ്ങൾക്ക് മുകളിൽ പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്ക് ഒരു വർഷത്തിൽ അധികരിക്കാതെയുള്ള സമയം സെക്രട്ടറിക്ക് അനുവദിക്കാവുന്നതും അപ്രകാരം സംവിധാനങ്ങൾ ഏർപ്പെടുത്താത്തവരുടെ കെട്ടിട നമ്പറും ലൈസൻസും പ്രവർത്തനാനുമതിയും അതിന്റെ ഉടമസ്ഥർക്ക് പറയാനുള്ളത് കേൾക്കുവാൻ അവസരം നൽകിയതിനുശേഷം റദ്ദ് ചെയ്യാവുന്നതാണ്.

ഈ വകുപ്പ് പ്രകാരം പറഞ്ഞിട്ടുള്ള മാലിന്യ സംസ്കരണ വ്യവസ്ഥകളുടെ ലംഘനം നടത്തുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തന്മേൽ 6 മാസം മുതൽ ഒരു വർഷം വരെയുള്ള തടവിനും പതിനായിരം രൂപ മുതൽ അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയൊ നൽകി ശിക്ഷിക്കപ്പെടേണ്ടതാണന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം ശിക്ഷിക്കപ്പെടുന്ന വ്യക്തി വ്യവസ്ഥകളുടെ ലംഘനം തുടരുന്ന ഓരോ ദിവസവും 1000 രൂപയിൽ കുറയാതെയുള്ള പിഴക്ക് കൂടി വിധേയനാക്കപ്പെടേണ്ടതാണ്.

### വകുപ്പ് 219 ഡബ്ല്യു – പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും

സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് ബാഗുകളുടെയും മറ്റും ഏറ്റവും കുറഞ്ഞ വില പഞ്ചായത്ത് നിശ്ചയിക്കേണ്ടതും അതിലും കുറഞ്ഞ വിലക്കൊ സൗജന്യമായോ ഇവ നൽകുന്നില്ലന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതുമാണ്.

232 –ാം വകുപ്പ് പ്രകാരം ലൈസൻസ് നൽകുന്ന എല്ലാ സ്ഥാപനങ്ങളും തങ്ങൾ ടി കാലയളവിൽ വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് കവറുകളുടെയും മറ്റും ഏകദേശ എണ്ണം അപേക്ഷയിൽ തന്നെ കാണിക്കേണ്ടതും അതിനനുസൃതമായി പഞ്ചായത്ത് ഒരു നിശ്ചിത തുക അധിക ഫീസായി ഈടാക്കുന്നതിനും ഈ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

വകുപ്പ് 219 എക്സ്– മാലിന്യ നിർമ്മാർജ്ജന ഫണ്ട്– ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന ആവശ്യത്തിലേക്ക് ഒരു മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപീകരിക്കാൻ ഈ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പ്ലാസ്റ്റിക് വിൽപ്പന നടത്തുന്നവരിൽ നിന്നുള്ള അധിക ഫീസ്, പിഴ, വിവിധ ഏജൻസികളിൽ നിന്നും ഈ ആവശ്യത്തിന് ലഭിക്കുന്ന ഫണ്ടുകൾ എന്നിവ ഇതിൽ വരവ് വച്ച് നിർണ്ണയിക്കപ്പെടുന്ന പ്രകാരവും ബൈലോ പ്രകാരവും വിനിയോഗിക്കേണ്ടതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ കൂട്ടായതും ഏകോപനമുള്ളതുമായ പ്രവർത്തനം അനിവാര്യമാണ്. ഓരോ തദ്ദേശ സ്ഥാപനവും തങ്ങളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനവും ഏർപ്പെടുത്തേണ്ട മാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യക്തമാക്കുന്ന ബൈലോക്കും രൂപം നൽകണം. ഓരോ വിഭാഗം സ്ഥാപനങ്ങളും കെട്ടിട ഉടമകളും മറ്റും ഏർപ്പെടുത്തേണ്ട സംവിധാനവും സമയ പരിധിയും ഒപ്പം പുതിയ കെട്ടിട നിർമ്മാതാക്കൾ പാലിക്കേണ്ട വ്യവസ്ഥകളും നിശ്ചയിച്ച് രേഖാമൂലവും പൊതു അറിയിപ്പുകളും നൽകണം. തൊട്ടടുത്ത തദ്ദേശ സ്ഥാപനവുമായി സഹകരിച്ചും ഏകോപിപ്പിച്ചും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. ശുചിത്വ മിഷനും പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറും ജില്ലാ തല മേൽ നോട്ടം വഹിച്ചും സമഗ്ര മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ തദ്ദേശ സ്ഥാപനങ്ങളും മുന്നിട്ടിറങ്ങണം. ◆

*തയ്യാറാക്കിയത്*
*കെ. എൻ. സഹജൻ, ജൂനിയർ സൂപ്രണ്ട്,*
*വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്*



# നിർഭയയുടെ ഉണർത്തുപാട്ടുമായി കൗമാരപ്രായക്കാരായ പെൺകുട്ടികൾ

പെണ്ണായി പിറന്നവരൊക്കെയും ഭയചകിതരായി ജീവിക്കുന്ന കാലത്ത് 'നിർഭയരാവുക' എന്ന സന്ദേശം ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കാൻ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ കൂട്ടായ്മ ഒരുക്കി സംസ്ഥാന സാമൂഹ്യ നീതി വകുപ്പും പുളിക്കൽ ഗ്രാമപഞ്ചായത്തും മാതൃകയായി ജനസംഖ്യയിൽമുന്നിട്ടു നിൽക്കുന്ന സ്ത്രീകൾ സാമൂഹിക പദവികളിൽ മുന്നേറുമ്പോഴും പൊതു ഇടങ്ങളിൽ അവർ അപമാനിക്കപ്പെടുന്നു. ഒരു സ്ത്രീ കുടുംബത്തിലും സമൂഹത്തിലും ആദരിക്കപ്പെടേണ്ടവളാണ്. സുരക്ഷിതമായ ജീവിതമെന്ന അടിസ്ഥാന മനുഷ്യാവകാശം നിഷേധിക്കപ്പെടുന്ന ധാരാളം സ്ത്രീകൾ നമ്മുടെ സമൂഹത്തിലുണ്ട്. ഒറ്റപ്പെടലിന്റെ മഹാതുരുത്തിൽ നിന്നും അവരെ കൈപിടിച്ച് സമൂഹ മധ്യത്തിലേക്ക് എത്തിക്കുവാനുള്ള ബാധ്യത സ്ത്രീ ശക്തിയെകുറിച്ച് മനസ്സിലാക്കിയവരുടേയാണ്. അവൾ മകളാണ്. സഹോദരിയാണ്, കുടുംബിനിയാണ്, അമ്മയാണ്, അമ്മൂമ്മയാണ്. പെണ്ണിന്റെ കണ്ണീര് വീഴാത്ത നല്ല നാളേക്കായി സ്വയം മനസ്സുറപ്പുണ്ടാക്കാൻ ഒരോരുത്തർക്കും ശക്തിപകരുന്ന ഊർജ്ജം വീണ്ടെടുക്കുകയാണ് കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ ഈ കൂട്ടായ്മയിലൂടെ ഗ്രാമ പഞ്ചായത്ത് ലക്ഷ്യമിടുന്നത്

"അവർ പാടുന്നു" എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടിക്ക് സംസ്ഥാനസാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ICDSന്റെ നേതൃത്വത്തിൽ 11 നും 18 നും ഇടയിൽ പ്രായമുള്ള 3000 ലധികം പെൺകുട്ടികളാണ് പുളിക്കൽ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ ഒത്തു കൂടിയത്, കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എയുടെ അധ്യക്ഷതയിൽ പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ ഈ പരിപാടി ഉദ്ഘാടനം ചെയ്തു.

മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്ന സബല പദ്ധതിയുടെ ചുവടുപിടിച്ചാണ് ഈ സംഗമം ആസൂത്രണം ചെയ്തിരിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ കാര്യത്തിൽ പിന്നോക്കാവസ്ഥയിൽ ഉള്ള മലപ്പുറം ജില്ലയിൽ കൗമാരികളെ ശാക്തീകരിക്കുക വഴി വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമൂഹ്യപരമായും മുന്നോക്കാവസ്ഥയിലെത്തിക്കാൻ കഴിയും എന്ന കാര്യത്തിൽതർക്കമില്ല.

കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണമാണ് അത്യന്തികമായി ലക്ഷ്യമിടുന്നത്. പുളിക്കൽ പഞ്ചായത്തിലെ 38 അംഗൻവാടികളിലേയും കൗമാരക്കാരായ പെൺകുട്ടികളെ ഒരുമിച്ച് അണിനിരത്തി അവരിൽ ഏകതാ ബോധവും സംഘടിത ശക്തിയും ഐക്യവും മത സൗഹാർദവും പൗര ബോധവും ഉണർത്തി അവരിലെ അടിച്ചമർത്തലുകളെ അതിജീവനത്തിന്റെ പാതയിലേക്ക് കൊണ്ടുവരികയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

സംഘടിതമായി അവരാലപിക്കുന്ന ഉണർത്തുപാട്ട് അവരുടെ തന്നെ മാനസിക പിരിമുറുക്കത്തിന് അയവു വരുത്താനും ഭാവിയെ സം




ബന്ധിച്ച മാനസിക സംഘർഷങ്ങളെ മറികടക്കുവാനും തന്റെ ശക്തി എന്തെന്ന് സ്വയം ഉൾകൊള്ളാനും ഊർജ്ജ സ്വലരാകാനും സമൂഹത്തിലേക്ക് ഒരേ താളത്തോടെ പകരാനും സാധിച്ചുവെന്നതാണ് ഈ പരിപാടിയുടെ മറ്റൊരു സവിശേഷത.

ഉണർത്തു പാട്ടിന്റെ പരിശീലനത്തിനായി വിവധ തലങ്ങളിൽ ഒത്തുകൂടിയ പെൺകുട്ടികൾ സ്വന്തം അനുഭവങ്ങൾ പങ്കുവെച്ചതിലൂടെ ആത്മവിശ്വാസം അധികരിച്ചവരായി മാറി സ്വയംതിരിച്ചറിവുള്ള ഭാവിസമൂഹത്തെ വാർത്തെടുക്കാനാവുമെന്ന് ഈ കൂട്ടായ്മയിലെ പ്രായത്തിൽ മുതിർന്നവർ സാക്ഷ്യപ്പെടുത്തുന്നു.

ഒറ്റപ്പെടലിന്റെ വേദനയില്ലാതെ തനിക്കുചുറ്റും ഒരു പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുമുണ്ടെന്നും ആ സമൂഹം തനിക്ക് ദീപനാളമാവുമെന്നും താനും ഈ പ്രകാശത്തിന്റെ ഭാഗമാണെന്നും കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾതിരിച്ചറിഞ്ഞു എന്നതും ഇതിന്റെ ഒരു നേട്ടമാണ്.

ഇതൊരു ചരിത്ര നിർമ്മിതിയാണ്. വേറിട്ടൊരു ചരിത്രം . ഒരേ പ്രായത്തിലുള്ളവരുടെ സംഘബോധം പുത്തൻ ഊർജ്ജമായി സമൂഹത്തിൽ പ്രവഹിക്കും. ലഭ്യമായ വിവരങ്ങളനുസരിച്ച് ഉണർത്തുപാട്ടിനായി ഇത്തരം ഒരു ഒത്തു ചേരൽ എവിടെയും നടന്നിട്ടില്ല. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആത്മവിശ്വാസം പകരുവാൻ പറ്റിയ തരത്തിലാണ് ഉണർത്തുപാട്ട് ചിട്ടപ്പെടുത്തിയിരുന്നത്. സാക്ഷരതാ പ്രവർത്തന കാലത്തുൾപ്പെടെ കേരളം കാതോർത്തിരുന്ന ഉണർത്തു പാട്ടുകളുടെ പുനരാവിഷ്കാരമാണ് സംഗീതത്തിന്റെ അകമ്പടിയോടെ ഒരുക്കിയിരുന്നത്. പെൺകുട്ടികൾ തന്നെയാണ് വേദി നിയന്ത്രിച്ചതും എന്ന സവിശേഷതയും ഉണ്ട്. പ്രസംഗങ്ങളില്ലാത്ത വേദിയിൽ പ്രമുഖർ കാഴ്ചക്കാരായി കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ സംഘശക്തി വിളിച്ചോതുന്നതിന് ദൃക്സാക്ഷികളാകാൻ എത്തി.

വിവിധ മേഖലകളിൽ കഴിവു തെളിയിച്ച പ്രമുഖ വനിതകൾ നേരിട്ടു നൽകിയ സന്ദേശം കൗമാരക്കാരിൽ വ്യക്തിത്വ വികസനത്തിന് പ്രചോദനമായി. ജില്ലാ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തകർ, സാമൂഹ്യ നീതി വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

പുളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. അബ്ദുള്ള മാസ്റ്ററുടെ നേതൃത്വത്തിൽ മുഴുവൻ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും, ഐ സി ഡി എസ് സൂപ്പർ വൈസർ ഷാജിത അറ്റാശ്ശേരിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ 38 അംഗൻവാടി പ്രവർത്തകരും ഓരോപ്രദേശത്തും ഇതിനായുള്ള മുന്നൊരുക്കങ്ങൾ നടത്തി. പാടാൻ ശേഷിയുള്ളവരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി ഉണർത്തു പാട്ടുകൾ പാടുവാൻ വേദിയിൽ 60 പേരടങ്ങുന്ന സംഘത്തെ തെരെഞ്ഞെടുക്കുകയും അവർ ഓരോ അംഗൻവാടികളിലുമുള്ള മുഴുവൻ കുട്ടികളേയും അതാത് ഏരിയകളിൽ കൂട്ടമായി പാട്ടുകൾ പഠിപ്പിച്ച് സംഗമ ദിവസം സ്റ്റേഡിയത്തിൽ ഒത്തുകൂടി ഒന്നിച്ചു പാടുകയും ചെയ്തു.

വ്യത്യസ്തമായ രീതിയിലൂടെയുള്ള സ്ത്രീ ശാസ്തീകരണ പ്രവർത്തനങ്ങളിൽ ജില്ലയിലെന്നല്ല കേരളമാകമാനമുള്ള പെൺകുട്ടികൾ ആകൃഷ്ടരാകുന്നതോടൊപ്പം മറ്റു പഞ്ചായത്തുകളും ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുവാൻ മുന്നോട്ട് വരുമെന്നതും. പെൺ കുട്ടികളിലെ മാനസിക പിരിമുറുക്കത്തിന് അയവു വരുമെന്നതും. പ്രതിബന്ധങ്ങളെ ആർജ്ജവത്തോടെ നേരിടാനുള്ള കഴിവ് വർദ്ധിക്കുന്നു വെന്നതും താനും ഒരു സമൂഹ ജീവിയാണെന്ന ബോധം നാടിനോടുള്ള പ്രതിബദ്ധത ഉണ്ടാക്കുന്നു വെന്നതും ഈ പരിപാടിയുടെ നേട്ടങ്ങളാണ്

“അവർ പാടുന്നു” എന്നകൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സംഗമം വഴി പുളിക്കൽ പഞ്ചായത്തിലെ സ്ത്രീ ശാസ്തീകരണ പ്രവർത്തനങ്ങൾക്ക് ആകർഷകമായും വ്യത്യസ്തമായും ഉള്ള രീതിയിൽ അവരുടെ പ്രായത്തിന്റെ പ്രത്യേകതക്കനുസരിച്ച് ആരംഭം കുറിക്കുകയാണ്. വരും കാല വർഷങ്ങളിൽ ഇത്തരം പ്രവർത്തനം നല്കുക വഴി നല്ലൊരു സ്ത്രീ ജനത ഇവിടെ ഉണ്ടായിരിക്കുമെന്നും മാതൃകാപരമായ ഇത്തരം പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് വഴികാട്ടിയാകുകയും ചെയ്യുന്നതാണ്. ◆

*പി.എൻ.എസ്.*

**പേവിഷബാധയുള്ള ഒരു രോഗിയിൽ നിന്നും രോഗം മറ്റുള്ളവരിലേക്ക് പകരുമോ?**

തീർച്ചയായും പേവിഷബാധയുള്ള രോഗിയുടെ ഉമിനീർ, ഛർദ്ദി, കണ്ണുനീർ, മൂത്രം മറ്റു ശരീരദ്രവങ്ങൾ എന്നിവയിൽ റാബീസ് വൈറസ് ധാരാളമായി കാണുന്നതിനാൽ രോഗം മറ്റുള്ളവരിലേക്ക് പകരുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. പേവിഷബാധയുള്ള രോഗിയെ പരിചരിക്കുന്നവർക്ക് രോഗം വരുവാനുള്ള സാധ്യത വളരെ കൂടുതലായതിനാൽ, ഇവർ മുഖം മൂടി, കൈയ്യുറകൾ, മുഖകണ്ണാടി, മേലങ്കി (aprons) എന്നിവ ധരിച്ച് പേവിഷബാധയേൽക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. ശരീരത്തിൽ പോറലുകൾ, ചതവ്, മുറിവ് എന്നിവ ഉള്ളവർ പേവിഷബാധയുള്ള രോഗിയെ പരിചരിക്കരുത്. മനുഷ്യരിലുള്ള പേവിഷബാധ ധാരാളമായി കണ്ടുവരുന്ന സ്ഥലങ്ങളിൽ ജനങ്ങൾ പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുക്കുന്നത് നല്ലതാണ്.

**എങ്ങനെയാണ് മനുഷ്യരിലെ പേവിഷബാധ തടയുന്നത്?**

പേവിഷബാധയുണ്ടെന്ന് സംശയിക്കുന്ന മൃഗങ്ങളുടെ കടി ഏൽക്കുന്ന ആളുകൾക്കാണ് സാധാരണയായി റാബീസ് ചികിത്സ ആവശ്യമായി വരുന്നത്. ഇങ്ങനെയുള്ള ആളുകൾക്ക് ചികിത്സ നൽകുന്നതിന്റെ (പ്രതിരോധമരുന്ന്) പ്രധാന ഉദ്ദേശ്യം, ശരീരത്തിൽ കടന്നിരിക്കുന്ന റാബീസ് വൈറസിനെ, നാഡീവ്യൂഹത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് നിർവീര്യമാക്കുക എന്നതാണ്. പേവിഷബാധയേൽക്കുവാൻ സാദ്ധ്യതയുള്ള എല്ലാ വ്യക്തികൾക്കും അടിയന്തിരമായ ചികിത്സ ആവശ്യമാണ്. മുറിവുകൾ മരുന്നുകൾ ഉപയോഗിച്ച് നന്നായി കഴുകുക, പേവിഷബാധയ്ക്കെതിരെയുള്ള ഇമ്മ്യൂണോഗ്ലോബുലിന്റെ ഒരു ഡോസ്, പേവിഷബാധയ്ക്കെതിരെയുള്ള

# റാബീസ് അഥവാ പേവിഷബാധ

**ഡോ. ജോസ്മോൻ ജോർജ്**





**പട്ടി കടിച്ചാൽ നൽകാവുന്ന ഏറ്റവും പ്രധാനപ്പെട്ട ചികിത്സയാണ് ആ മുറിവുകൾ നന്നായി കഴുകുക എന്നത്. മുറിവുകൾ നന്നായി കഴുകുന്നതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം കടിയേറ്റ ഭാഗത്തുള്ള റാബീസ് വൈറസുകളെ ശരീരത്തിലെ നാഡീവ്യൂഹത്തിലേക്ക് പ്രവേശിക്കാതെ നീക്കം ചെയ്യുക എന്നതാണ്.**

കുത്തിവെയ്പ്പ് (vaccine) എന്നിവ എടുക്കുക എന്നുള്ളതാണ്. മനുഷ്യരിൽ പട്ടി കടിച്ചതിനുശേഷം റാബീസ് ഉണ്ടാകാതിരിക്കുവാനുള്ള ഏറ്റവും നല്ല പ്രതിവിധികൾ.

### പട്ടി കടിച്ചാൽ ആ മുറിവ് എങ്ങനെയാണ് ചികിത്സിക്കുന്നത്?

പട്ടി കടിച്ചാൽ നൽകാവുന്ന ഏറ്റവും പ്രധാനപ്പെട്ട ചികിത്സയാണ് ആ മുറിവുകൾ നന്നായി കഴുകുക എന്നത്. മുറിവുകൾ നന്നായി കഴുകുന്നതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം കടിയേറ്റ ഭാഗത്തുള്ള റാബീസ് വൈറസുകളെ ശരീരത്തിലെ നാഡീവ്യൂഹത്തിലേക്ക് പ്രവേശിക്കാതെ നീക്കം ചെയ്യുക എന്നതാണ്. കടിയേറ്റ ശരീരഭാഗത്തുള്ള ഈ ചികിത്സ ഏറ്റവും ഫലപ്രദമായിത്തീരുന്നതു കടിയേറ്റ ഉടനെ തന്നെ (മിനിറ്റുകൾക്കുള്ളിൽ) ചികിത്സ രോഗിക്ക് നൽകുമ്പോളാണ്. എന്നിരുന്നാലും കടിയേറ്റിട്ട് മണിക്കൂറുകളോ ദിവസങ്ങളോ കഴിഞ്ഞാൽപോലും കടിയേറ്റ ഭാഗത്തുള്ള മുറിവിനുള്ള പ്രാഥമിക ശുശ്രൂഷ നൽകുന്നതിൽ വൈമുഖ്യം കാണിക്കരുത്. മൃഗങ്ങളിലുള്ള പഠനങ്ങൾ തെളിയിക്കുന്നത് കടിയേൽക്കുന്നതുമൂലമുണ്ടാകുന്ന മുറിവിനു നൽകുന്ന പ്രാഥമികശുശ്രൂഷ റാബീസ് രോഗം ഉണ്ടാകുവാനുള്ള സാധ്യത 80 ശതമാനം കുറയ്ക്കുമെന്നാണ്.

കടിയേറ്റാലുടനെ കടിയേറ്റതുമൂലമുണ്ടായ മുറിവുകളും പോറലുകളും അതിനടുത്തുള്ള ശരീരഭാഗങ്ങളും സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക എന്നതാണ് പ്രാഥമിക ചികിത്സയിലെ ആദ്യത്തെപടി. തുറന്നുവിട്ട ടാപ്പിലെ വെള്ളത്തിൽ കുറഞ്ഞത് 15 മിനിറ്റെങ്കിലും ഇങ്ങനെ മുറിവുകൾ കഴുകേണ്ടതാണ്. സോപ്പ് ലഭ്യമല്ലെങ്കിൽ ധാരാളം വെള്ളം ഉപയോഗിച്ച് മുറിവുകൾ കഴുകേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് റാബീസ് കോശം ഉണ്ടാകുന്നത് ഗണ്യമായി കുറയ്ക്കുവാൻ സഹായിക്കും.

നന്നായി മുറിവുകൾ കഴുകിയതിനുശേഷം, മുറിവുകളിൽ കാണുവാൻ സാധ്യതയുള്ള, കഴുകിക്കളയപ്പെടാത്ത റാബീസ് വൈറസുകളെ നശിപ്പിക്കുന്നതിനായി, സ്പിരിറ്റ് (400-700 ml litre) ടിങ്ചർ അയഡിൻ, പോവിഡിൻ അയഡിൻ എന്നിവയിലേതെങ്കിലും ഒരു അണിനാശിനി ഉപയോഗിച്ച് മുറിവ് നന്നായി കഴുകേണ്ടതാണ്.

പട്ടി കടിച്ചാലുണ്ടാകുന്ന മുറിവുകൾ ഉടനെതന്നെ തുന്നി ചേർക്കുവാൻ പാടില്ല. കാരണം തുന്നിചേർക്കുന്നതുമൂലം, പുതിയ മുറിവുകൾ ഉണ്ടാവുകയും അവയിലൂടെ രോഗാണു നാഡീവ്യൂഹത്തിലേക്ക് കയറുവാനും സാധ്യത കൂടുകയും ചെയ്യുന്നു. മുറിവുകൾ തുന്നിച്ചേർക്കേണ്ട അത്ര ആഴമുള്ളതാണെങ്കിൽ, മുറിവുണ്ടായതിനുശേഷം 24 മുതൽ 48 മണിക്കൂറുകൾക്കുശേഷം, റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ കൊടുത്തതിനുശേഷം മാത്രം തുന്നലുകൾ ഇടേണ്ടതാണ്.

ഇതോടൊപ്പം തന്നെ TT ഇൻജക്ഷനും (Tetanus Toxord Injection). ആന്റിബയോട്ടിക് മരുന്നുകളും, ആവശ്യമെങ്കിൽ, ഡോക്ടറുടെ നിർദ്ദേശപ്രകാരം എടുക്കേണ്ടതാണ്.

### പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ എപ്പോളാണ് എടുക്കേണ്ടത്? ഏതൊക്കെ തരത്തിലുള്ള കുത്തിവയ്പ്പുകളാണ് എടുക്കേണ്ടത്?

പേവിഷബാധയുള്ള മൃഗങ്ങളിൽ നിന്നും ഉണ്ടാകാവുന്ന കടി, മാന്തൽ (scratches), നക്കൽ (licks) പോറലുകൾ എന്നിവ ഏറ്റാൽ മുറിവിന്റെ രീതിയും ആഴവും അനുസരിച്ച് പ്രതിരോധകുത്തിവെയ്പുകൾ എടുക്കേണ്ടതാണ്. ഇതിനെ (Past Exposure Prophylaxic) (PEP) മുറിവേറ്റ ഉടനെതന്നെ (മണിക്കൂറുകൾക്കുള്ളിൽ) ഒരു ഡോക്ടറെ കണ്ട് വൈദ്യപരിശോധന നടത്തി ആവശ്യമായ കുത്തിവെയ്പ്പുകൾ എടുക്കേണ്ടതാണ്. സ്വയം ചികിത്സ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

രണ്ട് തരത്തിലുള്ള കുത്തിവെയ്പ്പുകളാണ് സാധാരണയായി പേവിഷബാധ പ്രതിരോധിക്കുന്നതിനായി നൽകുന്നത്.

#### 1. 'ആന്റി റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ (Anti rabies immunoglobalin)

വളരെ വിലകൂടിയ ഈ മരുന്ന് പേവിഷബാധയേറ്റ ആൾക്ക് ഇൻജക്ഷൻ എടുത്ത ഉടനെതന്നെ രോഗപ്രതിരോധശേഷി ലഭിക്കുന്നതിനായി നൽകുന്നതാണ്. ഇത് വിലയേറിയ ഒരു മരുന്നാണ്. രോഗിയുടെ തൂക്കത്തിന് ആനുപാതികമായാണ് ഈ മരുന്നിന്റെ ഡോസ് നിർണ്ണയിക്കുക.

#### 2. ആന്റി റാബീസ് വാക്സിൻ (Anti rabics Vaccine)

ഈ മരുന്ന് എടുത്ത് 2-3 ദിവസത്തിനകം രോഗിക്കു രോഗ പ്രതിരോധശേഷി ലഭിക്കുന്നു. ഈ മരുന്നിന്റെ 4 മുതൽ 5 വരെ ഡോസുകളാണ് സാധാരണയായി നൽകുന്നത്.

താഴെ കൊടുത്തിരിക്കുന്ന ടേബിളിനെ അടിസ്ഥാനമാക്കി ഏതൊക്കെ മുറിവുകൾക്ക് എന്തൊക്കെ ചികിത്സയാണ് നൽകേണ്ടത് എന്ന് തീരുമാനിക്കാം (Past Exposure Prophylaxic)

| പേവിഷബാധയുള്ള മൃഗത്തിൽ നിന്നും ഏൽക്കാവുന്ന മുറിവുകളുടെ ഇനം | ചികിത്സാരീതി |
|---|---|
| കാറ്റഗറി I – മൃഗത്തെ തൊടുക, മൃഗത്തിന് തീറ്റ കൊടുക്കുക, തൊലിപ്പുറത്തുള്ള നക്കൽ എന്നിവ | പ്രത്യേക ചികിത്സ ആവശ്യമില്ല. |
| കാറ്റഗറി II – തൊലിപ്പുറത്തുള്ള രക്തം കിനിയാതെയുള്ള പോറലുകൾ, മാന്തലുകൾ തുന്നികൂട്ടിയുള്ള ആഴമില്ലാത്ത കടികൾ എന്നിവ | ഉടൻതന്നെ ആന്റീറാബീസ് വാക്സിൻ എടുക്കുകയും മുറിവിനുള്ള ചികിത്സ നൽകുകയും ചെയ്യുക. |
| കാറ്റഗറി III – ആഴത്തിലുള്ള ഒന്നോ ഒന്നിലധികമോ ഉള്ള മുറിവുകൾ, മാന്തലുകൾ, മുറിവുള്ള തൊലിയിലുള്ള നക്കൽ, കണ്ണ്, വായ് എന്നിവിടങ്ങളിലെ mucous membrane ൽ മൃഗത്തിന്റെ ഉമിനീർ തട്ടി മലിനമാകുക, വവ്വാലുകളുമായുള്ള സമ്പർക്കം എന്നിവ | ഉടൻതന്നെ ആന്റീറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ, ആന്റീറാബീസ് വാക്സിൻ എന്നിവ എടുക്കുകയും, മുറിവുകൾക്കുള്ള ചികിത്സകൾ നൽകുകയും ചെയ്യുക. |

കാറ്റഗറി II, III വിഭാഗത്തിൽപ്പെട്ട എല്ലാ മുറിവുകൾക്കും നിശ്ചയമായും പ്രതിരോധക്കുത്തിവെയ്പ്പുകൾ എടുക്കേണ്ടതാണ്. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ കടിയേറ്റാൽ പേവിഷബാധ ഉണ്ടാകുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്.

- കടിക്കുന്ന മൃഗത്തിന് കടിക്കുന്ന സമയത്ത് പേവിഷബാധ ഉണ്ടായിരിക്കുക, റാബീസ് വൈറസിന്റെ വാഹകരായിരിക്കുന്ന മൃഗങ്ങളിൽ നിന്നുള്ള കടി.





- അസാധാരണമായ പെരുമാറ്റമോ, രോഗിയായി ക്ഷീണിച്ചിരിക്കുന്നതായോ മൃഗത്തിൽ നിന്നുള്ള കടി.
- ശരീരത്തിലെ മുറിവുകളിലോ, mucous membrane കളിലോ മൃഗത്തിന്റെ ഉമിനീർ വീഴുക.
- പ്രകോപനമില്ലാതെയുള്ള മൃഗത്തിന്റെ കടി.
- പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കാത്ത മൃഗത്തിൽനിന്നുള്ള കടി
- കടിച്ച മൃഗത്തെ തിരിച്ചറിയാനോ, നിരീക്ഷണത്തിൽ വയ്ക്കുവാനോ കഴിയാത്ത അവസ്ഥ.

മൃഗത്തിന് പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട് എന്നുള്ള ഒറ്റകാരണത്താൽ മാത്രം കടിയേറ്റ വ്യക്തിക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകാതിരിക്കാൻ കഴിയില്ല.

കടിച്ച മൃഗത്തിന് റാബീസ് രോഗമില്ലെന്ന് പരിശോധനകളിലൂടെ തെളിയുകയോ, കടിയേറ്റ ദിവസം മുതൽ 10 മുതൽ 14 ദിവസം വരെ കടിച്ച മൃഗത്തെ നിരീക്ഷിച്ചിട്ടും മൃഗം മരണപ്പെടാതെ ജീവനോടെ ഇരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ പ്രതിരോധകുത്തിവയ്പ്പ് ഇടയ്ക്ക് വച്ച് നിർത്താവുന്നതാണ്.

### പേവിഷബാധയേറ്റാൽ എത്ര കുത്തിവയ്പ്പുകൾ എടുക്കണം?

പേവിഷബാധയേറ്റ ആളുകൾ ആന്റീ റാബീസ് വാക്സിൻ (ARV) നൽകുന്നത് കൈയ്യിലോ (Deltoidmuscle) ഇടയിലോ (കുട്ടികളിൽ മാത്രം) ഇതു മാംസപേശികളിൽ ആണ്. 5 ഡോസുകളോ അല്ലെങ്കിൽ 4 ഡോസുകളോ ഉള്ള രീതിയാണ് ഉപയോഗിച്ചുവരുന്നത്.

**എസ്സൻ റജിമെൻ** (Essen regimen)

5 ഡോസ് ARV ഇതിൽ നൽകുന്നു. 0, 3, 7, 14, 28 എന്നീ ദിവസങ്ങളിലാണ് കുത്തിവയ്പ്പുകൾ എടുക്കേണ്ടത്. '0' എന്നു പറയുന്നത് പേവിഷബാധയേറ്റ ദിവസം ആണ്.

**സാറെബ് റെജിമെൻ** (Zareb regimen)

4 ഡോസ് ARV നൽകുന്ന ഈ രീതിയിൽ ആദ്യത്തെ ദിവസം (പേവിഷബാധയേൽക്കുന്ന ദിവസം) 2 കുത്തിവയ്പ്പുകളും തുടർന്ന് 7, 21 ദിവസങ്ങളിൽ ഓരോ കുത്തിവയ്പ്പുകളും എടുക്കേണ്ടതാണ്. (0, 7, 21)

ARV മസിലുകളിൽ നൽകുന്നതിനു പകരം തൊലിപ്പുറത്തും (Intradermal) നൽകാവുന്നതാണ്.

### ഒരിക്കൽ പേവിഷബാധക്കെതിരെയുള്ള കുത്തിവയ്പ്പെടുത്ത ആളുകളിൽ പിന്നീട് പട്ടി കടിച്ചാൽ വീണ്ടും പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കേണ്ടതുണ്ടോ?

മുമ്പൊരിക്കൽ പേവിഷബാധയ്ക്കെതിരെയുള്ള മുഴുവൻ കുത്തിവയ്പ്പുകളും എടുത്ത ആളുകൾക്കു (4 അല്ലെങ്കിൽ 5 ഡോസ് ARV) കടിയേൽക്കുന്ന ദിവസവും പിന്നീട് 3-ാം ദിവസവും (0,3) ഓരോ കുത്തിവയ്പ്പുകൾ വീതം നൽകേണ്ടതാണ്. ഇതിനു പകരമായി ഒറ്റ ദിവസം തന്നെ 4 ഡോസ് ARV നൽകുന്ന രീതിയും ഉണ്ട്.

HIV/എയ്ഡ്സ് രോഗബാധിതർക്ക് കാറ്റഗറി II, III വിഭാഗത്തിലുള്ള മുറിവുകൾ ഉണ്ടായാൽ ആന്റീ റാബീസ് ഇമ്മ്യൂണോഗ്ലോബുവിനും, 5 ഡോസ് ആന്റീറാബീസ് വാക്സിനും (ARV), മുറിവിനുള്ള ചികിത്സയും നിർബന്ധമായും നൽകേണ്ടതാണ്. കഴിയുമെങ്കിൽ കുത്തിവയ്പ്പടുത്ത് 2 മുതൽ 4 ആഴ്ച കഴിയുമ്പോൾ ശരീരത്തിൽ മതിയായ പ്രതിരോധശേഷി ഉണ്ടായിട്ടുണ്ടോ എന്ന് രക്തപരിശോധനയിലൂടെ സ്ഥിരീകരിക്കേണ്ടതാണ്. ആന്റീ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ (ARG) എപ്പോഴാണ് നൽകുന്നത്.

എല്ലാ കാറ്റഗറി II, III വിഭാഗത്തിൽപ്പെട്ട മുറിവുകൾ രോഗപ്രതിരോധശേഷി ഉയർത്തിപ്പിടിക്കുന്നതിനായി ഇമ്മ്യൂണോഗ്ലോബുലിൻ ഇന്ന് ലഭ്യമാണ്. 1. ഹ്യൂമൻ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ. ഇത് മനുഷ്യരിൽനിന്നും ഉൽപ്പാദിപ്പിക്കുന്നതിനാൽ കുത്തിവയ്പ്പിന് അലർജി (Anaphylactic reaction) ഉണ്ടാകുവാൻ സാധ്യതയില്ല. പക്ഷെ ഈ മരുന്ന് വളരെ വിലപിടിപ്പുള്ളതാണ്. ഇത് 20 iu /kilo body weight എന്ന ഡോസിലാണ് നൽകുന്നത് 2. ഇക്വൈൻ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ. ഈ പ്രതിരോധമരുന്ന് ഉൽപ്പാദിപ്പിക്കുന്ന




ത് കുതിരയിൽ നിന്നാണ്. 40 iu /kilo body weight ആണ് ഇതിന്റെ ഡോസ്. വിലകുറഞ്ഞ മരുന്നാണെങ്കിലും മാരകമായ അലർജി (Anaphylactic reaction) ഉണ്ടാകുവാനുള്ള സാധ്യത വളരെ കൂടുതലാണ്.

പേവിഷബാധയേറ്റതിനുശേഷം 7 ദിവസം കഴിഞ്ഞാൽ, പിന്നീട് ഇമ്മ്യൂണോ ഗ്ലോബുലിൻ നൽകുന്നതിൽ പ്രയോജനമില്ല. രോഗിക്ക് ആവശ്യമായ ഡോസ് ഇമ്മ്യൂണോ ഗ്ലോബിൻ ഭൂരിഭാഗവും മുറിവുകളുടെ വശങ്ങളിലോ തൊട്ടടുത്തോ ആയി കുത്തിവയ്ക്കുന്നു. ബാക്കി ARV എടുക്കാത്ത മറ്റൊരു ശരീരഭാഗത്തായി കുത്തിവെയ്ക്കുന്നു. ബാക്കി ARV എടുക്കാത്ത മറ്റൊരു ശരീരഭാഗത്തായി കുത്തിവെയ്ക്കുന്നു.

### പേവിഷബാധയേൽക്കാതെ തന്നെ പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കാമോ?

തീർച്ചയായും എടുക്കാം. ഇതിനെ Pre Exposure prophylaxis (Pre.p) എന്നുപറയുന്നു. പേവിഷബാധയേൽക്കുവാൻ സാധ്യത കൂടുതലുള്ള ആളുകൾക്കാണ് സാധാരണയായി Pre.p നൽകിവരുന്നത്. ഉദാഹരണത്തിന് റാബീസ് വൈറസിനെ കൈകാര്യം ചെയ്യുന്ന ലബോറട്ടറികളിൽ പ്രവർത്തിക്കുന്നവർ, മൃഗസംരക്ഷണ രംഗത്തും മഗചികിത്സാരംഗത്തു പ്രവർത്തിക്കുന്നവർ (വെറ്ററിനേറിയൻസ്), മൃഗങ്ങളെ കൈകാര്യം ചെയ്യുന്നവർ (മൃഗശാലകൾ, നായ്ക്കളെ കൈകാര്യം ചെയ്യുന്നവർ, വന്യമൃഗസംരക്ഷണം ചികിത്സ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയവർ) റാബീസ് ധാരാളമായി കാണപ്പെടുന്ന സ്ഥലത്ത് താമസിക്കുന്ന കുട്ടികൾ എന്നിവർ 0, 7, 21 അല്ലെങ്കിൽ 28 എന്നീ ദിവസങ്ങളിലായാണ് പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കേണ്ടത്. ഒരിക്കൽ കുത്തിവെയ്പ്പ് എടുത്താൽ കുറെ വർഷങ്ങളിലേക്ക് നമുക്ക് പ്രതിരോധശേഷി ലഭിക്കും എന്നുള്ളതിനാൽ ഇടയ്ക്കിടെ ബൂസ്റ്റർ ഡോസുകൾ എടുക്കേണ്ടതില്ല.

പേവിഷബാധയേൽക്കാൻ വളരെ കൂടുതൽ സാധ്യതയുള്ള ആളുകൾക്ക് രക്തത്തിലെ റാബീസിനെതിരെയുള്ള ആന്റിബോഡിയുടെ അളവ് 2 വർഷത്തിൽ ഒരിക്കൽ പരിശോധിക്കുകയും 0.514 Iml-ൽ കുറവാണെങ്കിൽ ബൂസ്റ്റർ ഡോസ് എടുക്കുകയും ചെയ്യേണ്ടതാണ്.

### ഈ പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കുമ്പോൾ എന്തൊക്കെ റിയാക്ഷൻസ് അഥവാ സങ്കീർണ്ണതകൾ ഉണ്ടാകും?

പൊതുവെ ആന്റി റാബീസ് വാക്സിനുകളും ഇമ്മ്യൂണോഗ്ലോബുലിനും വളരെ സുരക്ഷിതമായ മരുന്നുകളാണ് ഇക്വൈൻ ഇമ്മ്യൂണോഗ്ലോബുലിന് ചിലപ്പോൾ anaphyladic reaction ശരീരത്തിന് ചൊറിച്ചിൽ, ശ്വാസംമുട്ടൽ, പ്രഷർ താഴ്ന്നുപോവുക മുതലായവ ഉണ്ടാകാം. സാധാരണയായി പ്രതിരോധകുത്തിവയ്പുകളെ തുടർന്ന് ഇൻജക്ഷൻ എടുത്ത സ്ഥലത്ത് ചെറിയ വേദന, ചുവപ്പുനിറം, തടിപ്പ്, ചെറിയ പനി, തലവേദന തലകറക്കം എന്നിവ കാണപ്പെടുന്നു. ഏകദേശം 5-15% ആളുകളിൽ മുകളിൽ പറഞ്ഞ ലക്ഷണങ്ങൾ കാണാറുണ്ട്.

### ഏതെങ്കിലും ആളുകൾക്ക് റാബീസിനെതിരെയുള്ള കുത്തിവയ്പുകൾ നൽകുന്നതിന് തടസ്സമുണ്ടോ?

ചെറിയ കുട്ടികൾ, ഗർഭിണികൾ, രോഗപ്രതിരോധശേഷി കുറഞ്ഞ HIV/AIDS തുടങ്ങിയ രോഗങ്ങൾ ഉള്ളവർ തുടങ്ങി എല്ലാ ആളുകൾക്കും റാബീസ് പ്രതിരോധകുത്തിവയ്പ്പുകൾ നൽകാവുന്നതാണ്. എന്നാൽറാബീസ് പ്രതിരോധ കുത്തിവയ്പ് ഒരിക്കൽ എടുത്തപ്പോൾ അലർജി (Anaphylaric reacion) ഉണ്ടായ ആളുകൾക്ക് പിന്നീട് അതേ മരുന്ന് തന്നെ കൊടുക്കുവാൻ പാടില്ല. ◆

(തുടരും)



# ഡിജിറ്റൽ ഇന്ത്യ വാരം

## തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഇ-ഗവേർണൻസ് സംരംഭങ്ങൾ

ഡിജിറ്റൽ ഇന്ത്യക്കു മുൻനിരയിൽ അതിവേഗം ബഹുദൂരം കേരളം കുതിക്കുന്നു. വിവര സാങ്കേതിക വിദ്യാ ഉപയുക്തമാക്കി ഭരണ നിർവ്വഹണ രംഗത്ത് വിപ്ലവമായി മാറിക്കൊണ്ടിരിക്കുന്ന ഇഗവേണൻസ് നടപ്പാക്കുന്നതിൽ ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനത്തേക്കാളും ഉന്നത നിലവാരം കേരളം പുലർത്തിവരുന്നു. ഇതിനുള്ള അംഗീകാരമായാണ് ഏറ്റവും നല്ല പഞ്ചായത്തിരാജ് സംസ്ഥാനമായി കേരളം കഴിഞ്ഞ വർഷം തെരഞ്ഞെടുക്കപ്പെട്ടത്.

### ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ

സംസ്ഥാന സർക്കാരിന്റെ 50ം വർഷത്തെ പ്രമുഖ പദ്ധതികളിലൊന്നായ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ Direct Benefit Transfer മുഖേന അർഹരായവർക്ക് നേരിട്ട് എത്തിക്കുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നു. ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ എന്നിവയാണ് ഈ സ്കീമിലുള്ള വിതരണം ചെയ്യുന്നത്. ബാങ്ക് അക്കൗണ്ട് വഴിയും പോസ്റ്റ് ഓഫീസ് അക്കൌണ്ടു വഴിയുമാണ് പെൻഷൻ വിതരണം നടത്തുന്നത്. എന്നാൽ ഇതിനു ബുദ്ധിമുട്ടുള്ളവർക്ക് ഇലക്ട്രോണിക് മണി ഓർഡർ വഴിയും പെൻഷൻ തുക എത്തിച്ചുകൊടുക്കും മേൽപ്പറഞ്ഞ 5 സ്കീമുകളിലായി 29,38,867ഗുണഭോക്താക്കൾക്ക് സംസ്ഥാന വ്യാപകമായി പ്രതിമാസം 213 കോടി രൂപയിൽ പരം രൂപ കണക്കാക്കി ഒരു സാമ്പത്തിക വർഷം 2556 കോടി രൂപയ്ക്കുമേൽ വിതരണം ചെയ്യുന്നു. പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയുടെ നടത്തിപ്പിന് ഉപയോഗിക്കുന്നത്.

### ജനനമരണവിവാഹ രജിസ്ട്രേഷനുകളുടെ കംമ്പ്യൂട്ടർ വൽക്കരണം

1970 മുതലുള്ള ജനനമരണവിവാഹ രജിസ്ട്രേഷൻ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സേവന സോഫ്ട്!വെയറിലൂടെ സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചായത്തുകളും 5 കോർപ്പറേഷനുകളും 60 മുനിസിപ്പാലിറ്റികളും കണ്ണൂർ കന്റോൺമെന്റ് ഉൾപ്പെടെ1044 രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. സംസ്ഥാനത്ത് ജനനമരണവിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് കഴിഞ്ഞിരിക്കുന്നു എന്നത് സംസ്ഥാനത്തെ വിവരസാങ്കേതിക വളർച്ചയുടെ മികവുറ്റ സംഭാവനയായി കണക്കാക്കാം. 1970 നു ശേഷമുള്ള ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കുവാൻ ംംം.ഔൃല സവമ.ശസാ.ശി എന്ന വെബ്സൈറ്റ് സജ്ജമാണ്. ഈ സർട്ടിഫിക്കറ്റുകൾക്ക് ഒപ്പോ സീലോ ആവശ്യമില്ലാത്തതും ഏതു ഗവൺമെന്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതുമാണ്. ഈ സംവിധാനം നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. അപൂർണ്ണവും നശിച്ചുപോയതുമായ രജിസ്ട്രേഷൻ വിവരങ്ങൾ

ഈ സംവിധാനത്തിൽ ലഭ്യമല്ല.

### വസ്തു നികുതി ഡിജിറ്റൈസേഷൻ

കേരളത്തിലെ പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും ഒരു കോടി ഇരുപത് ലക്ഷത്തിൽപരം വസ്തുനികുതി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. വമ്േ:// മേ:.ഹഴെസല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ വാർഡ് നിലവിൽ വന്ന വർഷവും, കെട്ടിടത്തിന്റെ വാർഡ് നമ്പറും, ഡോർ നമ്പറും നൽകിയാൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതാണ്.

നിലവിലെ കെട്ടിട നികുതിയുടെ വിവരങ്ങളും, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ നികുതിയുടെ വിവരങ്ങളും, കെട്ടിടത്തിനു നൽകിയിരിക്കുന്ന വിവിധ കെട്ടിട നമ്പറുകളും ഏകീകൃത കെട്ടിട നമ്പറിലേക്ക് ബന്ധിപ്പിച്ചാണ് ഡിജിറ്റൈസ് ചെയ്തിരിക്കുന്നത്. ഇപേയ്മെന്റായി വസ്തുനികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൌകര്യവും നിലവിലുണ്ട്. 201516 വർ!ഷത്തിൽ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുമുള്ള വസ്തു നികുതി ഇപേയ്മെന്റായി ഒടുക്കുന്നതിനുള്ള സംവിധാനം ഇതിലൂടെ ലഭ്യമാകുന്നതാണ്. തൊഴിൽ നികുതി, ലൈസൻസിംഗ്, പരസ്യനികുതി, വിനോദ നികുതി മുതലായവയും ശേഖരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. നികുതി പിരിവുകൾ നെറ്റ്ബാങ്കിംഗ് വഴിയാക്കുക എന്ന പ്രക്രിയയ്ക്കു തുടക്കമിടാനും ഇന്റർനെറ്റ് അധിഷ്ഠിത ഹാൻഡ്ഹെൽഡ് ഉപകരണങ്ങൾ വഴി ഭവനങ്ങളിൽ പോയി നികുതി പിരിക്കുവാനുള്ള സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങുവാനും കഴിഞ്ഞിട്ടുണ്ട്.

### സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി വികസിപ്പിച്ചിട്ടുള്ള സങ്കേതമാണ് സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം. ഇതു നടപ്പാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്രീകൃതമായി സൂക്ഷിക്കുകയും വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്യും. വിദ്യാർത്ഥികളുടെ ദൈനംദിന ഹാജർ രേഖപ്പെടുത്തുകയും ഹാജരാകാത്തവരുടെ വിവരങ്ങൾ രക്ഷകർത്താക്കളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് സംവിധാനം വഴി അയക്കുന്നതാണ്. പരീക്ഷകളുടെയും മറ്റു പ്രവർത്തനങ്ങളുടെയും വിവരങ്ങളും പ്രോഗ്രസ് റിപ്പോർട്ടുകളും എസ്.എം.എസ് വഴിയും ഇമെയിൽ വഴിയും രക്ഷകർത്താക്കൾക്ക് എത്തിക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതുണ്ട്.

### സമന്വയ ആപ്ലിക്കേഷൻ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിലവിൽ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വ്യത്യസ്തയിനം ആപ്ലിക്കേഷനുകൾ ഉപയോഗിക്കേണ്ടതായി വരുന്നു. ഈ സാഹചര്യത്തിൽ ജോലിഭാരവും സമയനഷ്ടവും ലഘൂകരിക്കുന്നതിനായി ജീവനക്കാർക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ആപ്ലിക്കേഷനുകൾ ഒരൊറ്റ വിൻഡോയിൽ ലഭ്യമാകുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സോഫ്റ്റ്വെയറാണ് സമന്വയ. പ്രവർത്തന സഹായികൾ, ഉത്തരവുകൾ, നിയമങ്ങൾ, ചട്ടങ്ങൾ, മാർഗരേഖകൾ, അറിയിപ്പുകൾ, വാർത്തകൾ മുതലായവയും സമന്വയയിൽ ലഭ്യമാണ്.

### മറ്റു ഇഗവേർണൻസ് സംരംഭങ്ങൾ

സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കുവാൻ പഞ്ചായത്തുവകുപ്പും ഇൻഫർമേഷൻ കേരള മിഷനും നടപ്പാക്കിയിട്ടുള്ള ആപ്ലിക്കേഷനുകളാണ് വെബ് ആപ്ലിക്കേഷനായ സുരേഖയും മൊബൈൽ ആപ്ലിക്കേഷനായ സമഗ്രയും. സുരേഖ www.surekha.ikm.in എന്ന വെബ് അഡ്രസ്സ് വഴിയും സമഗ്ര ആൻഡ്രോയ്സ് മൊബൈൽ പ്ലേസ്റ്റോറിൽ നിന്നും സൌജന്യമായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ജനനമരണവിവാഹ സർട്ടിഫിക്കറ്റുകളും വിവാഹ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കെട്ടിടനികുതി വിവരങ്ങൾ, ഇപേയ്മെന്റ് , ഫയൽ നിജസ്ഥിതി അറിയൽ മുതലായ സേവനങ്ങൾ സൌജന്യമായി സുരേഖയിലൂടെയും സമഗ്രയിലൂടെയും ലഭ്യമാണ്.



അതിവേഗ ഒപ്ടിക്കൽ കണക്റ്റിവിറ്റി പഞ്ചായത്തുകളിൽ പ്രാവർത്തികമാക്കുകയും, ഇന്റർനെറ്റ് ഹോട്ട് സ്പോട്ടുകൾ, വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങൾ, ടച്ച് സ്ക്രീൻ ഇൻഫർ മേഷൻ കിയോസ്ക്കുകൾ മുതലായവ നടപ്പിലാക്കുകയും ചെയ്യുന്നതോടെ ജനസേവനങ്ങൾ സാധാരണ ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും അതുവഴി സമഗ്രവും സുതാര്യവുമായ ഇഗവേണൻസ് നിലവിൽ വരുത്തുവാനും സാധിക്കും. ◆

# വാർത്തകളും വിശേഷങ്ങളും

## കേരളോത്സവം 2015 – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി

തദ്ദേശഭരണ (എഫ്.എം.) വകുപ്പ്

2015 ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായി.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 50,000/രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 1 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി | 1 ലക്ഷം രൂപ |
| കോർപ്പറേഷൻ | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 2 ലക്ഷം രൂപ |

ഇപ്രകാരം ധനവിനിയോഗം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും 31.03.2016 വരെ 2015 കേരളോത്സവം ഇനത്തിലുണ്ടാകുന്ന വരവ് ചെലവ് കണക്കുകളുടെ കൗൺസിൽ/കമ്മിറ്റി അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും 2016 ഏപ്രിൽ 15നകം കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന് നൽകണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(സാധാ) നം.1907/2015/ത.സ്വ.ഭ.വ. തീയതി: 24.06.2015

## പട്ടികജാതി വിഭാഗങ്ങൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ചു.

തദ്ദേശഭരണ (എഫ്.എം.) വകുപ്പ്

പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 10,000/-രൂപയും ടിക്കറ്റ് ചാർജ്ജും നൽകുന്നതിന് 16.11.2013 ലെ സ.ഉ. (എം.എസ്.)നം. 362/13/തസ്വഭവ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നത് കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.


സ.ഉ.(ആർ.ടി.) നം.1827/2015/ത.സ്വ.ഭ.വ. തീയതി: 19.06.2015

## കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് 'കില' പരിശീലനം നൽകി

കുടുംബശ്രീ സംഘടന സംവിധാനത്തിൽ പുതുതായി അധികാരമേറ്റ സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി. ആറ് ബാച്ചുകളിലായി നടന്ന ദ്വിദിന പരിശീലന പരിപാടിയിൽ 640 സി.ഡി.എസ്. ചെയർപേഴ്സൺമാർ പങ്കെടുത്തു. ആദ്യമായാണ് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് കിലയിൽ വെച്ച് 2015 മെയ് 29 ന് ആരംഭിച്ച പരിശീലനം ജൂൺ 9ന് അവസാനിച്ചു. അധികാര വികേന്ദ്രീകരണവും സ്ത്രീകളും, പ്രാദേശിക ഭരണവും കുടുംബശ്രീയും നേതൃശേഷി വികസനം, ഗ്രാമസഭ/വാർഡ് സഭ, സേവാഗ്രാം, പ്രാദേശികാസൂത്രണം, ആശ്രയപദ്ധതി, കുടുംബശ്രീയുടെ വിവിധ ജീവനോപാധി പദ്ധതികൾ, തകകകക-ാം പഞ്ചവത്സരപദ്ധതിയുടെ സാധ്യതകൾ, ധനമാനേജ്മെന്റ്, മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുമായുള്ള അനുഭവം പങ്ക് വെയ്ക്കൽ എന്നിവ ഉൾപ്പെടുത്തിയ റസിഡൻഷ്യൽ പരിശീലനം കില ഡയറക്ടർ ഡോ. പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ടി. ഷാഹുൽ ഹമീദ് കില അസോസിയേറ്റ് പ്രൊഫസർ, ഡോ. പീറ്റർ എം. രാജ്, കില ഫാക്കൽട്ടറി പി.വി. രാമകൃഷ്ണൻ, റിയാസ് മോൻ, (അസി. പ്രൊഫസർ) എന്നിവർ നേതൃത്വം നൽകി.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by S. Latha , Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **July 2015**
Annual Subscription ₹120/-, Published on 20th **July 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by **S. Latha**, Director **(i/c)**, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: **S. Latha (i/c)**